മി. സ്പീക്കർ: ഓർഡർ............ഓർഡർ ചോദ്യം നമ്പർ *751

ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്

1(*751) ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. കെ. രാജൻ:
ശ്രീ. എൽദോ എബ്രഹാം: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആൾ ഇന്ത്യാ ഇൻസ്റ്റിട്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എയിംസ്) സ്ഥാപിക്കുന്നതിന് നീക്കമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എയിംസ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) എയിംസ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തി ആയതിന്റെ വിവരങ്ങൾ കേന്ദ്ര സർക്കാരിന് കൈമാറുന്നതിനും സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിനും മുൻസർക്കാർ കാലതാമസം വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ പ്രസ്തുത വീഴ്ചകൾ പരിഹരിച്ച് എയിംസ് യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) കേരള സംസ്ഥാനത്ത് ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന് (എയിംസ്) തുല്യമായ ഒരു സ്ഥാപനം സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഒന്നിലധികം സ്ഥലങ്ങൾ കണ്ടെത്തി അറിയിക്കണമെന്നും, ടി ഭൂമി സൗജന്യ നിരക്കിലായിരിക്കണമെന്നും, ടി ഭൂമിയിലേക്ക് നല്ല റോഡ് മാർഗ്ഗം ഉണ്ടായിരിക്കണമെന്നും, ജലം/വൈദ്യുതി എന്നിവയുടെ ലഭ്യത പര്യാപ്തമായിരിക്കണമെന്നുമുള്ള നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പുമന്ത്രി മുഖാന്തിരം കേന്ദ്ര സർക്കാർ 19.06.2014-ൽ കേരള സംസ്ഥാന സർക്കാരിനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ (അനുബന്ധം-1),+ ടി നിബന്ധനകൾ പാലിച്ചുകൊണ്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് താഴെപ്പറയുന്ന നാല് സ്ഥലങ്ങൾ കണ്ടെത്തുകയും പ്രസ്തുത സ്ഥാപനം

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിർമ്മിക്കുന്നതിന് പര്യാപ്തമാണെന്ന് കേന്ദ്ര സർക്കാരിനെ 16.07.2014-ൽ അനുബന്ധം-2[+] പ്രകാരം അറിയിക്കുകയുമുണ്ടായി.

1. കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ കെ.എസ്.ഐ.ഡി.സി.-യുടെ പക്കലുള്ള സ്ഥലം (200 ഏക്കർ)
2. തിരുവനന്തപുരത്ത് നെയ്യാറ്റിൻകര നെട്ടുകാൽത്തേരിയിലുള്ള തുറന്ന ജയിലിനോടനുബന്ധിച്ചുള്ള സ്ഥലം (263.45 ഏക്കർ)
3. കോട്ടയം ജില്ലയിലെ സർക്കാർ മെഡിക്കൽ കോളേജിന്റെ അധീനതയിലുള്ള സ്ഥലം (248.21 ഏക്കർ)
4. എറണാകുളം ജില്ലയിലെ കളമശ്ശേരിയിൽ ഹിന്ദുസ്ഥാൻ മെഷീൻ ടൂൾസിന്റെ (എച്ച്.എം.റ്റി) അധീനതയിലുള്ള സ്ഥലം (200 ഏക്കർ)

എന്നിവയാണ് പ്രൊപ്പോസ് ചെയ്തിട്ടുള്ള സ്ഥലങ്ങൾ. തുടർന്ന്, കേന്ദ്ര സർക്കാർ ഘട്ടം ഘട്ടമായി തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാനങ്ങൾക്കാണ് ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് നിലവാരമുള്ള സ്ഥാപനം അനുവദിക്കുന്നതെന്നും,

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2015-2016 ലെ വാർഷിക ബഡ്ജറ്റിൽ ഇന്ത്യൻ യൂണിയന് കീഴിലുള്ള അഞ്ച് സംസ്ഥാനങ്ങളായ ജമ്മു കാശ്മീർ, പഞ്ചാബ്, ഹിമാചൽ പ്രദേശ്, അസ്സം, തമിഴ്നാട് എന്നിവയ്ക്കാണ് ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് പ്രകാരമുള്ള സ്ഥാപനം ഈ ഘട്ടത്തിൽ അനുവദിച്ചതെന്നും ഇനി തുടർന്നുള്ള ഘട്ടങ്ങളിൽ കേരള സംസ്ഥാനത്തിനും ടി സ്ഥാപനം അനുവദിക്കുന്നതാണെന്നും കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പുമന്ത്രി മുഖാന്തിരം കേന്ദ്ര സർക്കാർ 07.05.2015-ൽ ഈ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. (അനുബന്ധം-3)+ ആയതിൻ പ്രകാരം ടി സ്ഥാപനം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 04.06.2016-ൽ കേന്ദ്ര സർക്കാരിന് ഓർമ്മക്കുറിപ്പ് അയച്ചിട്ടുമുണ്ട്. (അനുബന്ധം-4)+

(ബി) ഉണ്ട്.

(സി) സ്പെഷ്യൽ ഓഫീസറെ ഇതുവരെ നിയമിച്ചിട്ടില്ല. മേൽപ്പറഞ്ഞ നാല് സ്ഥലങ്ങൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. ആയത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം ലഭിച്ചാൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ബാധകമല്ല.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, പോസ്റ്റുമോർട്ടം, ആന്തരാവയവങ്ങളുടെ രാസപരിശോധന എന്നീ കാര്യങ്ങളിൽ സംസ്ഥാന ആഭ്യന്തര വകുപ്പിനെ സഹായിക്കാൻ കഴിയുന്ന എയിംസ് കേരളത്തിൽ സ്ഥാപിക്കുന്നതിന് അന്യ സംസ്ഥാന ലോബികളും സ്വകാര്യ മെഡിക്കൽ കോളേജുകളും തടസ്സം നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയെങ്കിൽ അത് അതിജീവിക്കാനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അങ്ങനെ ഒരു ലോബി പ്രവർത്തിക്കുന്നതായി സർക്കാരിന്റെ മുമ്പിൽ യാതൊരു തെളിവുമില്ല. സർക്കാർ ശ്രമിക്കുന്നത് എയിംസ് ഇവിടെ അനുവദിച്ച് കിട്ടുന്നതിനാണ്. അതിനായി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താനും ഈ സർക്കാർ വന്നതിനുശേഷം തയ്യാറായിട്ടുണ്ട്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ആതുര ശുശ്രൂഷാ രംഗത്ത് സംസ്ഥാനത്തിന് വൻ മുന്നേറ്റമുണ്ടാക്കാൻ സാധ്യതയുള്ള ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് കേരളത്തിൽ സ്ഥാപിക്കുന്നതിനുവേണ്ടി നിലവിൽ സംസ്ഥാനത്ത്

പ്രവർത്തിക്കുന്ന ഏതെങ്കിലും മെഡിക്കൽ കോളേജിന് എയിംസ് പദവി നൽകി വികസിപ്പിക്കുന്നതിന് കഴിയുമോ; ആ വഴിക്ക് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും ശ്രമമുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, നിലവിലുള്ള മെഡിക്കൽ കോളേജുകളെ ഏറ്റവും മികച്ച കേന്ദ്രങ്ങളാക്കി മാറ്റാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. എയിംസ് നിലവാരത്തിലേയ്ക്ക് ഈ മെഡിക്കൽ കോളേജുകളെ ഉയർത്തണമെന്ന് പറഞ്ഞിട്ടുണ്ട്. ഇത് രണ്ടും രണ്ടാണ്. എയിംസിന്റെ ഒരു ഘടകം ഇവിടെ സ്ഥാപിക്കുകയെന്നത് മറ്റൊരു കാര്യമാണ്. നിലവിലുള്ള മെഡിക്കൽ കോളേജുകളെ എയിംസ് പദവിയിലേയ്ക്ക് ഉയർത്തുന്നതാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, കേരളത്തിന്റെ ചിരകാലമായുള്ള ഒരു ആവശ്യമാണ് എയിംസ് നിലവാരത്തിലുള്ള ഒരു മെഡിക്കൽ സംവിധാനം കേരളത്തിൽ രൂപപ്പെടുത്തുകയെന്നത്. കഴിഞ്ഞ ഗവൺമെന്റ് ഇതിനുവേണ്ടി കേന്ദ്ര സർക്കാരിന് കത്തെഴുതിയതനുസരിച്ച് പരിഗണിക്കാമെന്ന് പറഞ്ഞിരുന്നു. പക്ഷേ അതിന് പരിഹാരമുണ്ടായില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം ഇന്ത്യയിൽ

ഏറ്റവും കൂടുതൽ അലോപ്പതി മരുന്ന് കഴിച്ച് ജീവിക്കുന്നവരും രോഗംകൊണ്ട് വലയുന്നവരും പല പുതിയ രോഗങ്ങളും വിരുന്ന് എത്തുകയും ചെയ്യുന്ന ഈ സംസ്ഥാനത്ത് ഇത്തരത്തിൽ ഒരു മെഡിക്കൽ ഗവേഷണ പഠന സംവിധാനം ഉണ്ടാക്കേണ്ടത് ഏറ്റവും ആദ്യം ചെയ്യേണ്ട കാര്യമാണ്. അതിനുവേണ്ടി സ്ഥലമുൾപ്പെടെ കണ്ടെത്തണമെന്ന അവരുടെ നിർദ്ദേശങ്ങളെല്ലാം അംഗീകരിച്ചിട്ടും ഇപ്പോഴും ഒരുമാതിരി തടസ്സം പോലെ ഇഴഞ്ഞിഴഞ്ഞ് നീങ്ങുകയാണ്. അതുകൊണ്ട് അതുമായി ബന്ധപ്പെട്ട് ഏത് വിധത്തിലുമുള്ള സമ്മർദ്ദം ചെലുത്താനും വഴിവയ്ക്കുന്ന തരത്തിലുള്ള തീരുമാനം ഗവൺമെന്റ് കൈക്കൊള്ളുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയെ കാണുകയും എയിംസ് കേരളത്തിന് അനുവദിച്ച് തരണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് അനുഭാവപൂർവ്വം പരിഗണിക്കാമെന്നുതന്നെയാണ് കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞിട്ടുള്ളത്. നമ്മൾ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലങ്ങൾ പരിശോധിക്കുന്നതിനും മറ്റ് സാധ്യതകൾ ആരായുന്നതിനുമായി ഒരു വിദഗ്ദ സംഘത്തെ അയയ്ക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയും അതനുസരിച്ച്

അയയ്ക്കാമെന്ന് ഉറപ്പ് നൽകുകയും ചെയ്തിരുന്നു. പക്ഷേ ഇതുവരേയും അങ്ങനെയൊരു വിദഗ്ദ്ധ സംഘം സംസ്ഥാനത്തേയ്ക്ക് വന്നിട്ടില്ലെന്നുള്ളതാണ് വാസ്തവം. ഇതിനായി സംസ്ഥാന ഗവൺമെന്റ് പരമാവധി സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്.

ശ്രീ. കെ. രാജൻ: സർ, കഴിഞ്ഞ കുറെ ദിവസങ്ങളായി നമ്മുടെ മലയാളം ദിനപത്രങ്ങളിൽ എയിംസ് സംബന്ധിച്ച് വലിയ വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്. കേരളാ കൗമുദി ദിനപ്പത്രം എഴുതിയിരിക്കുന്നത് കേന്ദ്ര മന്ത്രിയെ കൂട്ടുപിടിച്ച് എയിംസ് അട്ടിമറിക്കാൻ സ്വകാര്യ മെഡിക്കൽ കോളേജുകൾ നീക്കം നടത്തുന്നുവെന്നാണ്. എയിംസിന്റെ വരവ് വളരെ വിപ്ലവകരമായ മാറ്റങ്ങളായിരിക്കും സൃഷ്ടിക്കാൻ പോകുന്നത്. ടെക്നോളജി ട്രാൻസ്ഫറിന്റെ സാധ്യതകൾ ഉൾപ്പെടുത്തി വികസ്വരരാജ്യങ്ങളുടെ സാങ്കേതികവിദ്യ സ്വന്തമാക്കാൻ കൂടുതൽ മനുഷ്യവിഭവശേഷി ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു വലിയ പദ്ധതിയാണ് രണ്ട് വർഷംമുമ്പ് എയിംസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഇവിടെ പ്രഖ്യാപിച്ചത്. നമ്മുടെ പ്രധാനപ്പെട്ട പ്രശ്നം, ഈ സഭയുടെ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ട ഒരു വിഷയമാണിത്. ഇപ്പോൾ കേന്ദ്ര സർക്കാർ ഓരോ

സംസ്ഥാനങ്ങളിലേയും എല്ലാ മേഖലകളിലേയ്ക്കും ആരോഗ്യം, ട്രാൻസ്പോർട്ട് തുടങ്ങിയവയുമായി ബന്ധപ്പെട്ട മേഖലകളിലേയ്ക്കുള്ള കാര്യങ്ങൾ അനുവദിക്കുന്നത് പ്രത്യേകമായി മാർക്കിടുന്നതിന്റെ അടിസ്ഥാനത്തിലാണ്. അല്ലാതെ ഒരു സംസ്ഥാനത്തിന്റെ ആവശ്യകത പരിഗണിച്ചല്ല. നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെയുള്ള ആളുകൾ ഈ വിഷയം കേന്ദ്ര ഗവൺമെന്റിന്റെ മുന്നിൽ അവതരിപ്പിച്ചതാണ്. പക്ഷേ ഈ പ്രത്യേകവിഷയം പരിഗണിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റിൽനിന്നും എയിംസ് അനുവദിക്കുന്നതിനായി ഒരു പ്രത്യേക സംഘം പോകുകയും അതിന്റെ ആവശ്യകത കേന്ദ്ര ഗവൺമെന്റിനെ ബോധ്യപ്പെടുത്തുകയും വേണം. മാർക്കിടൽ സംവിധാനത്തിനപ്പുറത്ത്, കേരളം ഉയർത്തിപ്പിടിച്ച ആരോഗ്യമേഖലയുടെ നേട്ടത്തിന് അനുകൂലമായിവരുന്ന ഒരു സംവിധാനമായി ഇതിനെ കൊണ്ടുവരുവാൻ ഗവൺമെന്റ് പ്രത്യേക പരിഗണന നൽകുമോയെന്നതാണ് ചോദ്യം.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഇതിനുവേണ്ടി എത്ര സമ്മർദ്ദം ചെലുത്താനും ഗവൺമെന്റ് തയ്യാറാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പോയതിനുശേഷം ഞാനും കേന്ദ്ര ആരോഗ്യവകുപ്പുമന്ത്രിയെ സന്ദർശിച്ചിരുന്നു. ആ

സമയത്തും എയിംസിന്റെ കാര്യം പ്രത്യേകം സൂചിപ്പിച്ചിരുന്നു. കേന്ദ്ര ധനകാര്യ വകുപ്പിന്റെയും ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടേയും സമ്മതത്തോടുകൂടി ഒരു വിദഗ്ദ സംഘത്തെ അയക്കുന്നതിനുള്ള തീരുമാനമുണ്ടാക്കാമെന്നാണ് ബഹുമാനപ്പെട്ട കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞിരുന്നത്. ഇനി പ്രത്യേക സംഘം പോകുന്ന കാര്യമാണെങ്കിൽ ആലോചിച്ച് തീരുമാനിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിനു വേണ്ടി നാല് സ്ഥലങ്ങളാണ് നമ്മൾ നിർദ്ദേശിച്ചിരുന്നത്. ഇതിൽ ഏതാണ് അനുയോജ്യമെന്ന് കേന്ദ്ര ഗവൺമെന്റ് തീരുമാനിക്കട്ടെയെന്ന നിലപാടാണ് നേരത്തെ എടുത്തത്. അങ്ങനെയൊരു നിലപാടെടുക്കുന്നതിനു പകരം കേരളത്തിനുതന്നെ ഒരു സ്ഥലം നിർദ്ദേശിക്കാമല്ലോ. അതുകൊണ്ട് സർക്കാർ ഒരു സ്ഥലം നിർദ്ദേശിച്ച് അവിടെ അനുമതി നൽകണമെന്ന് പറയുന്നതായിരിക്കും കൂടുതൽ ഉചിതമെന്നാണ് തോന്നുന്നത്. പ്രത്യേക പ്രതിനിധിസംഘം പോയാലും അവർ ഇതുതന്നെയായിരിക്കും പറയുന്നത്. നിങ്ങളുടെ ഒരു സംഘം വരണം, പരിശോധിക്കണം ഈ നാല് സ്ഥലങ്ങളിൽ ഏതാണ്

നല്ലതെന്ന് നിങ്ങൾ നിർദ്ദേശിക്കണമെന്നായിരിക്കും അവർ ആവശ്യപ്പെടുന്നത്. അതിനുപകരം ഏത് സ്ഥലമാണെന്ന് തീരുമാനിച്ച് അറിയിക്കുക. അപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ നിലപാടെന്താണെന്ന് നോക്കാമല്ലോ.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: നാല് സ്ഥലങ്ങൾ സജസ്റ്റ് ചെയ്യാനാണ് കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടത്. അതിനുശേഷം അവരുടെ സംഘം വന്ന് തെരഞ്ഞെടുക്കുമെന്നും പറഞ്ഞു. അതല്ലാതെ നമുക്കൊരു സ്ഥലം തെരഞ്ഞെടുക്കാൻ ബുദ്ധിമുട്ടുണ്ടായിട്ടല്ല. അന്ന് തെരഞ്ഞെടുക്കുകയും ചെയ്യാമായിരുന്നു. പക്ഷേ കേന്ദ്രഗവൺമെന്റിൽനിന്നും കിട്ടിയ നിർദ്ദേശം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ കഴിയുന്ന നാല് സ്ഥലങ്ങൾ പോയിന്റൗട്ട് ചെയ്യാൻ പറഞ്ഞു. ഞങ്ങൾ പോയിന്റൗട്ട് ചെയ്തതനുസരിച്ച് അവർ വന്ന് പരിശോധിച്ചു.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അതിന് വേണ്ടത്ര സമയമായി, ഞാൻ നിങ്ങൾ പണ്ട് ചെയ്ത നിലപാട് തെറ്റാണെന്നല്ല പറയുന്നത്. വേണ്ടത്ര സമയമായി. നാല് സ്ഥലങ്ങൾ നമ്മൾ നിർദ്ദേശിച്ചിട്ടും ഇതുവരേയും അവരുടെ ഭാഗത്തുനിന്നും യാതൊരു പ്രതികരണവുമുണ്ടായില്ല. സംഘം വരുമെന്ന് പറഞ്ഞിട്ടും വന്നില്ല.

ഇതുവരേയും ഒരു പരിശോധനയും നടന്നിട്ടില്ല. നമുക്കിനി പറയാവുന്നത് ഇതിൽ ഇന്ന സ്ഥലമാണ് ഞങ്ങൾ പ്രിഫർ ചെയ്യുന്നത് നിങ്ങൾ അവിടുത്തേയ്ക്ക് അനുവദിച്ചുതരണമെന്നാണ്. അപ്പോൾ അവർക്ക് എന്താണ് പറയാനുള്ളതെന്ന് അറിയാമല്ലോ. അങ്ങനെയൊരു നിലപാട് നമുക്കെടുക്കാമല്ലോ.

ശ്രീ. എൽദോ എബ്രഹാം: സർ, കേരളത്തിലെ ജനങ്ങളുടെ സ്വപ്നമാണ് എയിംസ്. എന്റെ ചോദ്യം, കേരളത്തിൽനിന്നും യഥേഷ്ടം കേന്ദ്രമന്ത്രിമാരും കേരളത്തിൽ ഭരണവുമൊക്കെ ഉണ്ടായിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ കത്തയക്കലിൽ മാത്രമായി എയിംസ് എന്ന സ്വപ്നം പരിണമിച്ചുവെന്നതിൽ തർക്കമില്ല. കത്തുകൾക്കപ്പുറത്ത് എയിംസ് കേരളത്തിലേയ്ക്ക് കൊണ്ടുവരുവാൻ ഗവൺമെന്റ് ശക്തമായ സമ്മർദ്ദം നടത്തുമോയെന്നാണ് എന്റെ ചോദ്യം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഈ ഗവൺമന്റ് അധികാരമേറ്റ ശേഷം കത്തയയ്ക്കുക മാത്രമല്ല ചെയ്തത്. ഞാൻ നേരത്തെ സൂചിപ്പിച്ചു, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനുമെല്ലാം കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയെ കണ്ട് ഈ കാര്യങ്ങളെല്ലാം സംസാരിച്ചതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ

ഈ നാല് സ്ഥലങ്ങളിൽ ഒരു സ്ഥലം നിർദ്ദേശിച്ചുകൊണ്ട് വീണ്ടും കേന്ദ്ര ഗവൺമെന്റിലേയ്ക്ക് കത്തയയ്ക്കാം എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. വി.എസ്. ശിവകുമാർ: സർ, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ സാധിക്കുന്ന നാല് സ്ഥലങ്ങൾ പോയിന്റൗട്ട് ചെയ്യാനാണ് കേന്ദ്രഗവൺമെന്റ് ആവശ്യപ്പെട്ടത്. ഒരു സ്ഥലത്ത് എന്തെങ്കിലും കുറവുണ്ടെങ്കിൽ മറ്റേ സ്ഥലം പരിഗണിക്കുന്നതിനുവേണ്ടിയാണ് ഇപ്രകാരം ആവശ്യപ്പെട്ടത്. അതിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി നാല് സ്ഥലങ്ങൾ നിർദ്ദേശിക്കുകയുണ്ടായി. അതുകഴിഞ്ഞ് വീണ്ടും രണ്ട് മാസം കഴിഞ്ഞപ്പോൾ അവർ ഒരു ചെക്ക് ലിസ്റ്റ് അയച്ചുതന്നു. ഇതുമായി ബന്ധപ്പെട്ട് റെയിൽ, റോഡ്, വാട്ടർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാന ഗവൺമെന്റ് ഏർപ്പെടുത്തണമെന്ന് കേന്ദ്രഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത ആവശ്യം സംസ്ഥാന ഗവൺമെന്റ് അംഗീകരിക്കുകയും ചെക്ക് ലിസ്റ്റിന്റെ മറുപടി അയയ്ക്കുകയും ചെയ്തു. അതാത് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് സഹിതമാണ് മറുപടി അയച്ചത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മുഖ്യമന്ത്രിയും ഞാനും ഡൽഹിയിൽപോയി പ്രധാനമന്ത്രിയേയും രണ്ട് കേന്ദ്രമന്ത്രിമാരെയും കാണുകയുണ്ടായി. കത്തയയ്ക്കുക മാത്രമല്ല ചെയ്തത്. അതുകഴിഞ്ഞ് ഇവിടെ ആർ.സി.സി.യുടെ തറക്കല്ലിടാൻ വന്നപ്പോഴും ഇക്കാര്യം

സംബന്ധിച്ച് കേന്ദ്രമന്ത്രിയോട് സംസാരിച്ചു. കേന്ദ്ര ധനകാര്യ വകുപ്പ് ഇതിന് അനുമതി നൽകുന്നില്ല എന്നാണ് ഞങ്ങളോട് പറഞ്ഞത്. കഴിഞ്ഞ ഒരു വർഷമായി ഇക്കാര്യം പറഞ്ഞുകൊണ്ടിരിക്കുകയാണ്. ബഡ്ജറ്റ് വരുന്ന ഒരു പശ്ചാത്തലത്തിൽ ഇപ്രാവശ്യമെങ്കിലും നമ്മുടെ സംസ്ഥാനത്തിന് എയിംസ് അനുവദിച്ച് കിട്ടുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും ഡൽഹിയിൽപ്പോയി സംസാരിക്കുകയും വളരെ ശക്തമായ സമ്മർദ്ദം ചെലുത്തുകയും ചെയ്തില്ലെങ്കിൽ ഈ വർഷവും നമുക്കത് ലഭിക്കില്ല. രാഷ്ട്രീയ താൽപര്യങ്ങളുടെ അടിസ്ഥാനത്തിലാണ് കേന്ദ്രഗവൺമെന്റ് പല തീരുമാനങ്ങളും എടുക്കുന്നത്. അതോടൊപ്പം ഒരു കാര്യം കൂടി എനിക്ക് ചോദിക്കാനുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിനേയും തിരുവനന്തപുരം മെഡിക്കൽ കോളേജിനേയും എയിംസിന്റെ നിലവാരത്തിലേക്ക് ഉയർത്തുമെന്ന് ബഹുമാന്യയായ മന്ത്രി തന്റെ പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. ഇപ്പോൾ പി.എം.എസ്.എസ്.വൈ സ്കീം അനുസരിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജ് അതിന്റേതായ ഡെവലപ്മെന്റുകൾ പൂർത്തീകരിച്ചുകഴിഞ്ഞു. കോഴിക്കോട് മെഡിക്കൽകോളേജിന് 125 കോടി രൂപ അനുവദിച്ചു.

മി. സ്പീക്കർ: പ്ലീസ്........... അങ്ങ് ഉത്തരം പറയാനും പ്രസ്താവന നടത്താനും

ഈ സമയം വിനിയോഗിക്കുന്നത് ശരിയല്ല.

ശ്രീ. വി.എസ്. ശിവകുമാർ: കോഴിക്കോട് മെഡിക്കൽ കോളേജിന് 125 കോടി രൂപ അനുവദിക്കുന്നതിനുപരിയായി എയിംസ് മോഡലിലേക്ക് കൊണ്ടുവരുന്നതിന് എത്ര കോടി രൂപയാണ് അനുവദിക്കുന്നത്; എയിംസ് മോഡൽ എന്നതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഉദ്ദേശിക്കുന്നത് എന്താണ്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: ഇവിടെ എയിംസ് മോഡൽ എന്നുപറയുമ്പോൾ എയിംസിലുള്ള ചില സൗകര്യങ്ങൾ കോഴിക്കോട് മെഡിക്കൽ കോളേജിൽ ഉണ്ടാകണമെന്നില്ല. എന്നാൽ കോഴിക്കോട് മെഡിക്കൽ കോളേജ് എയിംസിന്റെ നിലവാരത്തിലുള്ള നല്ല സൗകര്യമുള്ള മെഡിക്കൽ കോളേജാണ്. ഇവിടെ പി.എം.എസ്.എസ്.വൈ മാത്രമല്ല, കേരള ഗവൺമെന്റ് ഇക്കാര്യത്തിൽ എന്തൊക്കെ ചെയ്യാൻ ആഗ്രഹിക്കുന്നു എന്നത് ഇതുസംബന്ധിച്ച് പ്രത്യേകിച്ചൊരു ചോദ്യം തയ്യാറാക്കിത്തരുന്ന പക്ഷം ഞാൻ അതിന്റെ വിശദാംശം നൽകുന്നതാണ്. എയിംസിൽ എന്തെങ്കിലും കൂടുതൽ നിലവാരമുണ്ടെങ്കിൽ അത് ഇവിടത്തെ മെഡിക്കൽ കോളേജുകൾക്കും ഉണ്ടാക്കുന്നതിനായി ആ നിലവാരത്തിലേക്ക് മെഡിക്കൽ കോളേജുകളുടെ പോരായ്മകൾ പരിഹരിച്ചുകൊണ്ട് ഉയർത്തണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നല്ല പരിശ്രമം ഇക്കാര്യത്തിൽ

നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ പ്രത്യേക സ്ഥലംതന്നെ നിർദ്ദേശിച്ചുകൊണ്ട് വീണ്ടും സെൻട്രൽ ഗവൺമെന്റിനെ കാണുകയോ, കത്ത് അയയ്ക്കുകയോ ചെയ്യാവുന്നതാണ്.

<u>ശ്രീ. ബി.ഡി. ദേവസ്സി</u>: സർ, ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള കൊരട്ടി ഗാന്ധിഗ്രാം ത്വക് രോഗ ആശുപത്രി വക 110 ഏക്കർ സ്ഥലം ഒഴിഞ്ഞ് കിടക്കുകയാണ്. എൻ.എച്ച് 47-നോട് ചേർന്നുകിടക്കുന്ന ഈ സ്ഥലം കൊച്ചി എയർപോർട്ടിന്റെ പത്ത് കിലോമീറ്റർ അടുത്താണ്. എയിംസിനോ അല്ലെങ്കിൽ ആരോഗ്യ മേഖലയിലെ മറ്റേതെങ്കിലും പ്രോജക്ടോ നടപ്പാക്കുന്നതിനായി ഈ സ്ഥലം പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ സെൻട്രൽ ഗവൺമെന്റ് അയച്ച ചെക്ക് ലിസ്റ്റ് പ്രകാരം എല്ലാ സാധ്യതകളുമനുസരിച്ചുള്ള നാല് സ്ഥലം തിരഞ്ഞെടുത്ത് അയച്ചു. അതിനെക്കാളുപരി മറ്റൊരു സ്ഥലത്തെക്കുറിച്ച് ആലോചിക്കണമോ എന്നത് പിന്നീട് തീരുമാനിക്കാവുന്നതാണ്.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, അന്താരാഷ്ട്ര റാങ്കിംഗിൽ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളൊന്നും ഇതുവരെ സ്ഥാനം നേടിയിട്ടില്ലെങ്കിലും രാജ്യത്തെ

പല ഉന്നത നിലവാരമുള്ള മെഡിക്കൽ കോളേജുകൾക്കൊപ്പം നിൽക്കുന്ന ഒരു സ്ഥാപനമാണ് കോഴിക്കോട് മെഡിക്കൽ കോളേജ്. ഇതിന്റെ വിപുലീകരണത്തിനായി മാതൃഭൂമി മിഷൻ മെഡിക്കൽ കോളേജ് എന്ന പദ്ധതിക്ക് രൂപം നൽകി വരികയാണ്. ഈ സാഹചര്യത്തിൽ എയിംസ് മാതൃകയിൽ അതിനെ ഉയർത്തിക്കൊണ്ടുവരുന്നതിനാണോ സർക്കാർ ഉദ്ദേശിക്കുന്നത്; അതല്ല ലോക നിലവാരത്തിലേക്ക് അതിനെ ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള ശ്രമം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, മെഡിക്കൽ കോളേജിനെ സഹായിക്കുക എന്ന ദൗത്യത്തിന്റെ ഭാഗമായിട്ടാണ് മാതൃഭ്രമി മിഷൻ വന്നത്. കേരളത്തിൽ നിലവിലുള്ള 5 മെഡിക്കൽ കോളേജുകളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിന് എന്തൊക്കെ ചെയ്യാൻ അവശേഷിക്കുന്നുവോ അതെല്ലാം ചെയ്യാനാണ് സർക്കാർ ആലോചിക്കുന്നത്. അങ്ങനെ ഉന്നത നിലവാരത്തിലെത്തുമ്പോഴായിരിക്കും ചിലപ്പോൾ ലോക നിലവാരത്തിലേക്ക് അത് ഉയരുന്നത്. പടിപടിയായി മെഡിക്കൽകോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തണമെന്നാണ് സർക്കാർ ആലോചിക്കുന്നത്. ഇപ്രകാരം സർക്കാർ പ്രഖ്യാപനം നടത്തിയപ്പോൾ വിവിധ മേഖലകളിലുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ

ഗവൺമെന്റിന്റെ ഈ പരിശ്രമത്തെ സഹായിക്കാൻ ഒരുക്കമാണെന്ന് പറഞ്ഞ് മുന്നോട്ടുവരുന്നുണ്ട്. അതിലൊന്നാണ് മാതൃഭൂമി മിഷൻ. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സഹായം നൽകാമെന്ന് പറഞ്ഞുകൊണ്ടാണ് മാതൃഭൂമി മിഷന്റെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ചത്. ഗവൺമെന്റ് അതുമായി സഹകരിച്ചിട്ടുണ്ട്. മാതൃഭൂമി മിഷൻ ഇപ്രകാരം പ്രഖ്യാപിച്ചപ്പോൾ മറ്റ് പലരും മെഡിക്കൽകോളേജിന് സഹായ വാഗ്ദാനവുമായി മുന്നോട്ട് വന്നിട്ടുണ്ട്. ഇതൊക്കെ എങ്ങനെ ഉപയോഗപ്പെടുത്തണമെന്ന് തീരുമാനിക്കുന്നത് സർക്കാരിന്റെ നിർദ്ദേശ പ്രകാരമാണ്. ഇതെല്ലാംകൂടി ചേരുമ്പോൾ നല്ല നിലവാരമുള്ള മെഡിക്കൽ കോളേജായി കോഴിക്കോട് മെഡിക്കൽ കോളേജ് മാറുമെന്നാണ് പ്രതീക്ഷ.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, എയിംസ് പോലുള്ള പരിപാടി അല്ലെങ്കിൽ ഇതുപോലുള്ള മറ്റ് പലതും കേന്ദ്രഗവൺമെന്റ് കേരളത്തിന് നൽകുന്നു എന്ന് പ്രഖ്യാപിച്ചെങ്കിലും ഇതൊന്നും നമ്മുടെ സംസ്ഥാനത്ത് ലഭിക്കുന്നില്ല എന്നതാണ് പ്രധാന വസ്തുത. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി കേരളത്തിൽ മുഖ്യമന്ത്രിയായിരിക്കുന്ന സന്ദർഭത്തിലാണ് കാസർഗോഡ് സെൻട്രൽ യൂണിവേഴ്സിറ്റി ആരംഭിച്ചത്. ആ യൂണിവേഴ്സിറ്റിയുടെ തറക്കല്ലിടൽ പരിപാടി നടക്കുന്ന സന്ദർഭത്തിൽ

കേന്ദ്രമന്ത്രിയും മുഖ്യമന്ത്രിയും മെഡിക്കൽ കോളേജ് കേരളത്തിൽ അനുവദിക്കുമെന്ന് പ്രഖ്യാപിച്ചതാണ്. ഇതിനായി സംസ്ഥാന ഗവൺമെന്റ് പലതരത്തിലുള്ള നടപടികൾ സ്വീകരിച്ചെങ്കിലും അത്തരം നടപടികൾ കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്നില്ല. അതുപോലെത്തന്നെയാണ് എയിംസും മറ്റുള്ള കാര്യങ്ങളും. കേരളത്തിന് എന്തൊക്കെയോ ലഭിക്കുന്നുവെന്ന് പത്രക്കാരെല്ലാം കൊട്ടിഘോഷിക്കുകയാണ്. പക്ഷേ കേന്ദ്രഗവൺമെന്റ് ഇതൊന്നും നൽകുന്നില്ല എന്നതാണ് പ്രധാന വസ്തുത. എയിംസ് കൊണ്ടുവരുന്നതിനോടൊപ്പംതന്നെ കാസർഗോഡ് പ്രഖ്യാപിച്ച മെഡിക്കൽ കോളേജ് കൊണ്ടുവരുന്നതിനായി കേരള ഗവൺമെന്റ് നന്നായി ഇടപെടുകയും അതിനുള്ള ശ്രമം നടത്തുകയും ചെയ്യണമെന്നാണ് എന്റെ അഭ്യർത്ഥന.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഇവിടെ എല്ലാവരും ആഗ്രഹം പ്രകടിപ്പിച്ചതുപോലെ എയിംസ് കേരളത്തിൽ കൊണ്ടുവരുന്നതിനുള്ള ശ്രമം നടത്താം. അതിനുശേഷം മറ്റ് കാര്യങ്ങളെക്കുറിച്ച് ആലോചിക്കാം.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ആരോഗ്യ രംഗത്ത് കേരളം എല്ലാ കാലഘട്ടത്തിലും മാതൃക കാണിച്ചിട്ടുള്ള സംസ്ഥാനമാണ്. ഈ മാതൃക എന്നുപറയുമ്പോൾ ചികിത്സാ രംഗത്ത് മാത്രമല്ല അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന കാര്യത്തിലും പ്രധാന്യമുണ്ട്.

ഈ അടുത്ത കാലത്ത് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് തൃശ്ശൂർ മെഡിക്കൽ കോളേജിൽ സന്ദർശനം നടത്തി മടങ്ങിയപ്പോൾ ഏതാണ്ട് അര മണിക്കൂറോളം ലിഫ്റ്റിൽ കുടുങ്ങിപ്പോയി. മെഡിക്കൽ കോളേജുകളുടെ ആധുനികവൽക്കരണം എന്നുപറയുന്നത് ഏറ്റവും അത്യന്താപേക്ഷിതമാണ്.

മി. സ്പീക്കർ: ഇവിടെ എയിംസാണ് ചോദ്യം.

ശ്രീ. അടൂർ പ്രകാശ്: സർ, പ്രസ്തുത ചോദ്യവുമായി ബന്ധപ്പെട്ട് എയിംസിൽ കൊടുക്കുന്ന സൗകര്യങ്ങൾ നമ്മൾ ഇവിടെ ഒരുക്കണം. അല്ലെങ്കിൽ ഇതിന്റെ യാതൊരു ആവശ്യവുമില്ല. നമ്മുടെ സംസ്ഥാനത്ത് അഞ്ച് മെഡിക്കൽ കോളേജുകളുണ്ട്. ഈ മെഡിക്കൽ കോളേജുകളിൽ ഇത്തരത്തിൽ പ്രവർത്തിക്കാതിരിക്കുന്ന ലിഫ്റ്റുകൾ ഉണ്ട്. ഇക്കാര്യങ്ങൾ അങ്ങ് നേരിട്ടുപോയി പരിശോധന നടത്തണം. ഇത്തരത്തിൽ പരിശോധന നടത്താൻ പോകുമ്പോൾ ഒരു കാര്യം മാത്രമേ നിർദ്ദേശിക്കാനുള്ളൂ. ദയവായി അങ്ങ് ലിഫ്റ്റിൽ കയറരുത്, ലിഫ്റ്റിൽ കയറിയാൽ ചിലപ്പോൾ ഒരു മണിക്കൂർ കഴിഞ്ഞേ അങ്ങേയ്ക്ക് ഇറങ്ങാൻ സാധിക്കൂ. ആയതിനാൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, പ്രതിപക്ഷ നേതാവ് ലിഫ്റ്റിൽ

കുടുങ്ങിയ വിവരം അറിഞ്ഞ ഉടനെ അവിടത്തെ സൂപ്രണ്ടിനെയും പ്രിൻസിപ്പാളിനെയും ഞാൻ വിളിച്ചിരുന്നു. ലിഫ്റ്റിൽ പരിധിയിൽ കൂടുതൽ ആളുകൾ കയറിയതുകൊണ്ടാണ് നിന്നുപോയത് എന്നാണ് ആദ്യം പുറത്തുവന്ന വാർത്ത. എന്നാൽ അത്രയധികം ആളുകൾ കയറിയിട്ടില്ലായെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് ഇക്കാര്യത്തെക്കുറിച്ച് അന്വേഷിച്ചപ്പോൾ അറിയാൻ സാധിച്ചത്. ഏതായാലും ഞാൻ അദ്ദേഹം പറഞ്ഞതിനെ മുഖവിലയ്ക്കെടുക്കുകയാണ്. നമ്മുടെ മെഡിക്കൽ കോളേജുകൾ നല്ല മികവുറ്റ കേന്ദ്രങ്ങളാക്കണമെന്ന് പറയുമ്പോൾ ഇതെല്ലാം തന്നെയാണ് പരിശോധിക്കേണ്ടത്. കോഴിക്കോട് മെഡിക്കൽ കോളേജിലെ അഞ്ച് ലിഫ്റ്റുകൾ വർഷങ്ങളായി കേടായി കിടക്കുന്നു എന്നാണ് അവിടെ പരിശോധന നടത്തിയപ്പോൾ എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. അത് നന്നാക്കാൻ ലിഫ്റ്റ് സ്ഥാപിച്ച കമ്പനിക്കാർ വരുന്നില്ലായെന്ന് പറഞ്ഞപ്പോൾ ഞാൻ അവരുമായി ഇക്കാര്യത്തെക്കുറിച്ച് സംസാരിക്കുകയും ഈ അഞ്ച് ലിഫ്റ്റും നന്നാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തു. തൃശ്ശൂർ മെഡിക്കൽ കോളേജിലെ ലിഫ്റ്റ് കൂടി നന്നാക്കണം. ഞാൻ ഒരു തവണ അവിടെ സന്ദർശനം നടത്തിയതാണ്. ഇക്കാര്യങ്ങൾ പരിശോധിച്ച് അതിനാവശ്യമായ നടപടികൾ സർക്കാർ ഉടനെ സ്വീകരിക്കും.

ശ്രീ. ഇ. കെ. വിജയൻ: സർ, എയിംസ് ഉൾപ്പെടെയുള്ള മെഡിക്കൽ സ്ഥാപനങ്ങൾ വരണമെന്ന് ആഗ്രഹിക്കുന്നത് നമ്മുടെ നാട്ടിൽ രോഗത്തിന്റെ അളവ് വർദ്ധിക്കുന്നതിന്റെ സൂചനയാണ്. മലബാർ മേഖലയിൽ പ്രത്യേകിച്ച് വടകര, തലശ്ശേരി മേഖലകളിൽ വലിയ തോതിൽ കാൻസർ/വൃക്കസംബന്ധമായ രോഗങ്ങൾ വർദ്ധിച്ചുവരികയാണ്. രോഗത്തിന്റെ അളവ് വ്യാപകമായതിനാൽ അതിനെക്കുറിച്ച് ഒരു പഠനം നടത്താൻ ഗവൺമെന്റ് തയ്യാറാകേണ്ടതുണ്ട്. വൃക്ക മാറ്റിവയ്ക്കൽ ഉൾപ്പെടെയുള്ള ശസ്ത്രക്രിയയ്ക്ക് അൻപതും അറുപതും ലക്ഷം രൂപ വരെയാകുന്നുണ്ട്. അവിടത്തെ ജനങ്ങൾക്ക് ഇത് താങ്ങാൻ സാധിക്കുന്നില്ല. പലപ്പോഴും ആളുകൾ തുക പിരിച്ചെടുത്താണ് ഇത്തരം ശസ്ത്രക്രിയകൾ നടത്തുന്നത്. കാൻസർ രോഗവും ഇതുപോലെ വ്യാപകമാകുകയാണ്. ഈ മേഖലയിൽ ഇത്തരം അസുഖങ്ങൾ വ്യാപകമായി വരുന്നത് എന്തുകൊണ്ടാണ് എന്നതിനെക്കുറിച്ച് ഒരു പഠനം നടത്താൻ ഒരു ഏജൻസിയെ ചുമതലപ്പെടുത്തുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ക്യാൻസർ വളരെ വ്യാപകമാകുകയാണ്. ഇതുസംബന്ധിച്ച് കുറച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ട്. മലബാർ ക്യാൻസർ സെന്ററിന്റെ നേതൃത്വത്തിൽ കണ്ണൂർ, കാസർഗോഡ്, മാഹി പ്രദേശങ്ങളെക്കുറിച്ചുള്ള ഒരു പഠനം നടത്തി രജിസ്റ്റർ തയ്യാറാക്കി

വച്ചിരിക്കുകയാണ്. അത്തരത്തിലുള്ള പഠനങ്ങൾ ഇനിയും നടത്താവുന്നതാണ്. സർക്കാർ ഇ-ഹെൽത്ത് രജിസ്റ്റർ തയ്യാറാക്കുന്നതിന്റെ ഭാഗമായി കാൻസറിനെക്കുറിച്ച് കുറച്ചുകൂടി വിവരണം സംസ്ഥാന തലത്തിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഇ-ഹെൽത്ത് പദ്ധതി

2(*752) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. പി.വി. അൻവർ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇ-ഹെൽത്ത് പദ്ധതിക്കായി വേണ്ട അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയാണ്; മറ്റേതെങ്കിലും സംസ്ഥാനത്തിൽ ഇത്തരം പദ്ധതി നിലവിലുണ്ടോ; പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി, ഇത് സംസ്ഥാന വ്യാപകമാക്കുന്നതിനു മുമ്പ്, മാതൃകാപദ്ധതി നടപ്പിലാക്കി അതിന്റെ അവലോകനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ.കെ. ശൈലജ ടീച്ചർ): സർ, ഇ-ഹെൽത്ത് പദ്ധതിക്കായി ആശുപത്രികളിൽ കമ്പ്യൂട്ടറുകൾ, സർവറുകൾ, പ്രിന്ററുകൾ എന്നീ ഹാർഡ് വെയറുകളും നെറ്റ്‌വർക്കിനാവശ്യമായ

വയറിംഗ്, ജനറേറ്റർ, യു.പി.എസ്. കേബിളുകളും ഇലക്ട്രിക്-നെറ്റ്‌വർക്ക് കണക്ഷനും ഉണ്ടായിരിക്കണം. ഫീൽഡ് തലങ്ങളിൽ പ്രവർത്തനവും വിവരശേഖരണവും നടത്തുന്ന ജീവനക്കാർക്കായി ഏകദേശം പതിനായിരത്തോളം Tablet Pc യും ആവശ്യമുണ്ട്.

കേരളത്തിലെ പദ്ധതി പോലെ സമഗ്രമായ പദ്ധതി മറ്റൊരു സംസ്ഥാനത്തിലും ഇപ്പോൾ നിലവിലില്ല. തിരുവനന്തപുരം ജില്ലയിലെ വേളി, ചെറിന്നീയൂർ, ഉഴമലയ്ക്കൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, മണമ്പൂർ, വെള്ളനാട് എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, ചിറയിൻകീഴ്, ഫോർട്ട് എന്നീ താലൂക്ക് ആശുപത്രികൾ, പേരൂർക്കട ജില്ലാ ആശുപത്രി, തൈക്കാട് വിമൺ ആന്റ് ചൈൽഡ് സ്പെഷ്യാലിറ്റി ആശുപത്രി, ജനറൽ ആശുപത്രി, ടി.ബി. സെന്റർ, പബ്ലിക് ഹെൽത്ത് ലാബ്, മെഡിക്കൽ കോളേജ് എന്നീ ക്രമത്തിൽ 13 സ്ഥാപനങ്ങളിൽ മാതൃകാ പദ്ധതി നടപ്പിലാക്കിയതിന്റെ അവലോകനം നടത്തിയതിനുശേഷമായിരിക്കും സംസ്ഥാന വ്യാപകമായി പദ്ധതി നടപ്പിലാക്കുക.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, വളരെ മാതൃകാപരവും കാലാനുസൃതവുമായ ഒരു ശ്രമമാണ് ഇ-ഹെൽത്ത് പദ്ധതിയിലൂടെ ആരോഗ്യ വകുപ്പ് മുന്നോട്ട് വയ്ക്കുന്നത്. ഇതുമൂലം വളരെ പ്രയാസമനുഭവിക്കുന്ന പൊതു ആരോഗ്യ സംരക്ഷണ

കേന്ദ്രത്തിലെത്തുന്ന രോഗികൾക്ക് പൊതുവിൽ ലഭിക്കാനിടയുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, രോഗിയുടെ ആരോഗ്യ കാര്യങ്ങൾ സംബന്ധിച്ച എല്ലാ കാര്യങ്ങളും ഇലക്ട്രോണിക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നു എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. വളരെ വിശദമായിട്ടുള്ള കാര്യങ്ങൾ ആധാർ കാർഡിനെ അടിസ്ഥാനമാക്കി ആധാറിലെ രേഖകളെല്ലാം ഇതിൽ ചേർക്കുന്നതാണ്. അതിനപ്പുറം ഒരു പ്രത്യേക തരത്തിലുള്ള വിവരശേഖരണത്തിനാവശ്യമായ കാര്യങ്ങളും തയ്യാറാക്കിയിട്ടുണ്ട്. അതിൽ രോഗിയുടെ ആരോഗ്യ വിവരം മാത്രമല്ല ആ പ്രദേശത്തുണ്ടാകുന്ന പകർച്ച വ്യാധിയുടെ സാധ്യതകൾ, നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് തുടങ്ങിയ കാര്യങ്ങളും വരും. കൂടാതെ വീടിനെ കുറിച്ചുള്ള വിശദാംശവുമുണ്ടാകും. അവിടെ ശൗചാലയമുണ്ടോ, കുടിവെള്ള സ്രോതസ്സുണ്ടോ അതിന്റെ സംഭരണ രീതി എങ്ങനെയാണ്, മാലിന്യ സംസ്കരണ രീതി എന്തൊക്കെയാണ് എന്നതുടങ്ങി ആരോഗ്യവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും രേഖപ്പെടുത്തപ്പെടും. രോഗികൾക്കുള്ള സൗകര്യങ്ങൾ എന്താണെന്നുവച്ചാൽ എല്ലാ കാര്യങ്ങളും ഈ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനാൽ നെറ്റ് വർക്ക് മുഖാന്തിരം ഈ വിവരം എല്ലാ

ആശുപത്രികളുമായും പങ്കുവയ്ക്കുന്നതിനാൽ വളരെ പെട്ടെന്ന് തന്നെ അടിയന്തര ആവശ്യവുമായി ഹോസ്പിറ്റലിൽ എത്തുമ്പോൾ ഈ രജിസ്റ്ററിന്റെ ഭാഗമായി രോഗിയെ കുറിച്ചുള്ള വിവരങ്ങൾ ഹോസ്പിറ്റലിൽ അറിയാൻ സാധിക്കുകയും രോഗിയുടെ ബ്ലഡ് ഗ്രൂപ്പ്, അടുത്ത കാലത്ത് നടത്തിയ ചികിത്സകൾ, എതെങ്കിലും മരുന്നിന് രോഗി അലർജിക്കാണോ എന്നതടക്കം വളരെ പെട്ടെന്ന് വിവരങ്ങൾ ഒരു വിരൽ തുമ്പിൽ ലഭ്യമാകുന്ന അവസ്ഥ വരുമ്പോൾ ചികിത്സ വളരെ ഫലപ്രദവും എളുപ്പവുമാകുന്നു. ഹോസ്പിറ്റലിൽ എത്തുമ്പോൾ ഏത് വിഭാഗത്തിലേക്കാണ് പോകേണ്ടത് എന്നും വളരെ പെട്ടെന്ന് ഒ.പി ടിക്കറ്റ് ലഭിക്കുന്ന സാധ്യതയടക്കം ഇലക്ട്രോണിക് സംവിധാനം മുഖേന രോഗി സൗഹൃദമായി ആശുപത്രികൾ മാറും. രോഗികൾക്ക് ഇതുവഴി എല്ലാ സൗകര്യങ്ങളും ലഭ്യമാകുന്നതാണ്.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, വളരെയേറെ പ്രയോജനകരമായ നിരവധി കാര്യങ്ങളാണ് ഇതിന്റെ ഭാഗമായി രോഗികൾക്കും ജനങ്ങൾക്കും ലഭിക്കുക എന്ന് ഇവിടെ വ്യക്തമാക്കി. എനിക്ക് ചോദിക്കാനുള്ളത്, നമ്മുടെ സംസ്ഥാനത്ത് വളരെ പാവപ്പെട്ട ബി.പി.എൽ. വിഭാഗത്തിലും പല രീതിയിലും ദാരിദ്ര്യമനുഭവിക്കുന്ന നിത്യ രോഗികളായിട്ടുള്ളതുമായ ലക്ഷക്കണക്കിന് ആളുകളുണ്ട്. ഇവർക്കെല്ലാം മരുന്നുകൾ സൗജന്യമായി ലഭിക്കുന്നതിനാവശ്യമായ സംവിധാനം സർക്കാർ ഒരുക്കുന്നുമുണ്ട്.

എന്നാൽ ഒരിക്കലും ഇവർക്ക് ഈ മരുന്നുകൾ ലഭിക്കുന്നില്ല. ഓരോ വർഷത്തേക്കും ആവശ്യമായ മരുന്നുകൾ മുൻകൂട്ടി പ്രൈമറി ഹെൽത്ത് സെന്ററിലെ ഡോക്ടർമാർ ഇന്റെന്റ് വഴി ഡി.എം.ഒ. വഴി ഡി.എച്ച്.എസ്.ൽ അറിയിക്കുന്നതാണ് സമ്പ്രദായം. എന്നാൽ ഈ മരുന്ന് ലഭിച്ച് വരുമ്പോഴേക്കും രോഗിക്ക് മരുന്ന് സമയാസമയം കിട്ടാനുള്ള സാഹചര്യം ഉണ്ടാകാതെ പോകുകയാണ്. ഇ-ഹെൽത്ത് സമ്പ്രദായം നടപ്പിലാക്കുക വഴി കിടപ്പുരോഗികളും ആജീവനാന്തം മരുന്ന് കഴിക്കേണ്ടിവരുന്നവരുമായ രോഗികൾക്ക് വേണ്ട മരുന്ന് മുൻകൂട്ടി കണക്കാക്കാൻ യാതൊരു പ്രയാസവുമില്ല. ആ രീതിയിൽ കണക്കാക്കുന്ന തോതിൽ മരുന്ന് സംസ്ഥാനത്ത് എല്ലാ പ്രൈമറി ഹെൽത്ത് സെന്ററുകളിലും ലഭ്യമാക്കുകയും ഇത്തരത്തിൽ ജീവിതാന്ത്യം വരെ മരുന്ന് കഴിക്കേണ്ടി വരുന്ന വളരെ പാവപ്പെട്ട രോഗികൾക്ക് കൃത്യമായി മരുന്ന് കൊടുക്കുന്നതിന് ഇ-ഹെൽത്ത് സംവിധാനത്തിലൂടെ അവരുടെ വിശദാംശങ്ങൾ പരിശോധിച്ച് രേഖപ്പെടുത്തി അവർക്കാവശ്യമായ മരുന്നുകൾ പ്രൈമറി ഹെൽത്ത് സെന്ററുകൾ വഴി മുൻകൂട്ടി ലഭിക്കാനാവശ്യമായ സംവിധാനമൊരുക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, സാധാരണ നേരത്ത ഇന്റെന്റ് എടുക്കുന്ന സമയത്ത് ആവശ്യകത അനുസരിച്ചെടുത്തില്ലെങ്കിൽ മരുന്ന് പെട്ടെന്ന്

കുറയുന്ന അവസ്ഥയുണ്ട്. ഇത്തവണ അങ്ങനെയൊരു പ്രയാസമനുഭവപ്പെടാൻ പോകുകയാണ്. കഴിഞ്ഞ തവണ എടുത്ത ഇന്റെന്റ് മതിയാവാത്തതിന്റെ ഭാഗമായി ഷോർട്ടേജ് വരുമോ എന്നൊരു ഭയമുണ്ടായിരുന്നു. ഞങ്ങൾ അത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇ-ഹെൽത്ത് വരുമ്പോഴുള്ള നേട്ടമെന്താണെന്നുവച്ചാൽ ഓരോ ഹോസ്പിറ്റലുമായി ബന്ധപ്പെടുത്തുന്നതിനാൽ അവിടെയുള്ള മരുന്നുകളുടെ ഷോർട്ടേജ് പെട്ടെന്ന് മനസ്സിലാക്കുന്നതിനും കെ.എം.എസ്.സി.എൽ.മായി ബന്ധപ്പെടുന്നതിന് എളുപ്പമാകും. അതനുസരിച്ച് മരുന്നിന്റെ സപ്ലൈ വർദ്ധിപ്പിക്കുന്നതിനും സാധിക്കും. മാത്രമല്ല സർക്കാരിന്റെ സഹായ പദ്ധതികൾ ഒരു ഏകജാലക സംവിധാനം പോലെ ഒരുമിച്ച് ലഭ്യമാകുന്നതിനാൽ രോഗിക്ക് താൻ ഏത് സഹായപദ്ധതിയിലാണ് ഉൾപ്പെടുക എന്ന് മനസ്സിലാക്കുവാനും ഈ പദ്ധതി കൊണ്ട് സാധ്യമാകും. അതുവഴി അത്തരം സഹായങ്ങൾ ലഭ്യമാക്കുവാനും എളുപ്പമാകും. മരുന്നിന്റെ ഷോർട്ടേജും മനസ്സിലാക്കാൻ സാധിക്കും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ രോഗികൾക്ക് ആവശ്യമായ മരുന്ന് കൃത്യസമയത്ത് ലഭ്യമാക്കുന്നതിന് ഇ-ഹെൽത്ത് പദ്ധതി സഹായകരമാകും.

<u>ശ്രീ. പി. വി. അൻവർ</u>: സർ, പൊതുജനാരോഗ്യ രംഗത്ത് കഴിഞ്ഞ 5 മാസമായി ഈ സർക്കാർ നടത്തിയ ഇടപെടലുകൾ അഭിനന്ദനാർഹമാണ്. പല

ഹെൽത്ത് സെന്ററുകളും മരുന്നുകളും ഡോക്ടർമാരുമില്ലാതെ പൂട്ടിപ്പോകുമോ എന്ന് ആളുകൾ വിചാരിക്കുമ്പോഴാണ് ഈ സർക്കാർ കടന്നുവരുന്നത്. ഒട്ടനവധി നടപടികൾ ഈ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്നു, അത് ജനങ്ങൾക്ക് ആശ്വാസം നൽകുന്നു. ഇ-ഹെൽത്തുമായി ബന്ധപ്പെട്ട് സാധാരണഗതിയിൽ ജില്ലാ ആശുപത്രിയിലും മെഡിക്കൽ കോളേജിലും താലൂക്ക് ആശുപത്രിയിലുമൊക്കെ രോഗികൾ ഏറ്റവും കൂടുതൽ കഷ്ടപ്പെടുന്നത് ഒ.പി.യിലാണ്. ഒ.പി.യിൽ വന്ന് മണിക്കൂറുകളോളം കാത്തിരിക്കേണ്ടി വരുന്നുണ്ട്. എക്സ്റേ, സ്കാനിംഗ് എന്നിവ എടുക്കാനായാലും ലാബിൽ പോയാലുമൊക്കെ കാത്തിരിക്കേണ്ടി വരുന്നുണ്ട് . ഈ ഒരു സിസ്റ്റം ഇ-ഹെൽത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയ്ക്ക് തുടക്കത്തിലെ ക്യൂ നിൽക്കാതെ ആളുകൾക്ക് ഡോക്ടർമാരെ സമയബന്ധിതമായി വന്ന് കാണാനുള്ള ഒരു സംവിധാനം ഏർപ്പെടുത്താൻ സാധിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഇത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുള്ള മിഷനിൽ 'ആർദ്രം മിഷൻ' ആണ് ആരോഗ്യ വകുപ്പുമായി ബന്ധപ്പെടുന്നത്. ആർദ്രം മിഷന്റെ പ്രധാനപ്പെട്ട ഉദ്ദേശം തന്നെ രോഗി സൗഹൃദമാക്കി ആശുപത്രികളെ മാറ്റുക എന്നുള്ളതാണ്. അതിന്റെ ഭാഗമായി

ഒ.പി.ഡി. ട്രാൻസ്ഫർമേഷൻ ആണ് പ്രധാനമായിട്ട് ഉദ്ദേശിക്കുന്നത്. അത് ഇലക്ട്രോണിക് സംവിധാനത്തിലൂടെ ഒ.പി. ബ്ലോക്കുകൾ ക്രമീകരിക്കുന്നതിന്റെ ഭാഗമായി വളരെ പെട്ടെന്ന് ടോക്കൺ എടുക്കാനും ആവശ്യമായ ഡിപ്പാർട്ടുമെന്റിലേക്ക് രജിസ്റ്റർ ചെയ്യാനും ബന്ധപ്പെട്ട കേന്ദ്രത്തിലേക്ക് പോകാനും ക്യൂ സിസ്റ്റം ഒഴിവാക്കിക്കൊണ്ട് വളരെ പെട്ടെന്നുതന്നെ രോഗികൾക്ക് ആവശ്യമായ ഇടങ്ങളിലേക്ക് എത്തിച്ചേരുന്നതിനുള്ള സൗകര്യമാണ് ഒ.പി. ബ്ലോക്കുകളുടെ ട്രാൻസ്ഫർമേഷനിലൂടെ സാധ്യമാക്കുന്നത്. ഇ-ഹെൽത്ത് പദ്ധതിയും തീർച്ചയായിട്ടും സംയോജിക്കുന്നതാണ്. അത് രണ്ടുംകൂടി ചേരുന്ന സമയത്ത് ഈ പറഞ്ഞ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സാധിക്കും.

ശ്രീ. മുരളി പെരുനെല്ലി: സർ, ആരോഗ്യ നിലവാരത്തിന്റെ അളവുകോലായ ആരോഗ്യ സൂചികകളിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെക്കാൾ ഏറെ മുന്നിൽ നിൽക്കുന്ന കേരളത്തിൽ ഏത് ആശുപത്രിയിൽ ചെന്നാലും അതുവരെയുള്ള ചികിത്സാ വിവരങ്ങൾ അറിയാനും ആവർത്തിച്ചുള്ള അനാവശ്യ പരിശോധനകൾ ഒഴിവാക്കി ചെലവ് കുറയ്ക്കാനും കഴിയുന്ന ഇ-ഹെൽത്ത് പദ്ധതി വളരെ മാതൃകാപരമാണ്. സംസ്ഥാന വ്യാപകമായി ഈ പദ്ധതി നടപ്പാക്കുമ്പോൾ ഇത് വിജയകരമാകണമെങ്കിൽ പ്രാഥമിക ആരോഗ്യ മേഖലയെ ശക്തിപ്പെടുത്താൻ

ആവശ്യാനുസരണം ഡോക്ടർമാരുടേയും നേഴ്സുമാരുടേയും സേവനം ഈ ആശുപത്രികളിൽ ഫലപ്രദമായി ക്രമീകരിക്കാൻ ആവശ്യമായ നടപടികൾ എടുക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, തീർച്ചയായിട്ടും. ഇപ്പോൾ 7 ജില്ലകളെയാണ് ഈ പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്തിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിൽ നിന്ന് അനുവദിച്ച കിട്ടിയ ഫണ്ട് അടിസ്ഥാനമാക്കി 7 ജില്ലകളിലാണ് ഇത് നടപ്പിലാക്കാൻ സാധിക്കുന്നത്. ഞാൻ നേരത്തെ പറഞ്ഞ ഇടങ്ങളിൽ പൈലറ്റായി അത് നടപ്പിലാക്കി അതിന്റെ വിജയം പരിശോധിച്ചതിനുശേഷം ഈ 7 ജില്ലകളിലും പദ്ധതി നടപ്പിലാക്കാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. അതിനെ തുടർന്ന് സംസ്ഥാന വ്യാപകമായി ഇത് വ്യാപിപ്പിക്കാൻ കഴിയുമോ എന്ന് പരിശോധിക്കാവുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കേരളത്തിൽ വളരെ വിപുലമായിട്ടുള്ള ആശുപത്രി ശൃംഖലകളും ചികിത്സാ സംവിധാനങ്ങളുമുണ്ട്. പക്ഷെ 1961-ലെ സ്റ്റാഫ് പാറ്റേൺ വച്ചാണ് നമ്മൾ ഈ പ്രവർത്തനങ്ങൾ എല്ലാം നടത്തുന്നത്. എത്രയോ തവണ ഇവിടെ മറുപടി പറയുമ്പോൾ ഞാൻ പറഞ്ഞതാണ്, ആയിരക്കണക്കിന് പുതിയ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്താൽ മാത്രമേ ഈ പദ്ധതികളെല്ലാം വിജയകരമായി

നടപ്പിലാക്കുന്നതിന് കഴിയുംവിധം നമ്മുടെ ആശുപത്രികളുടെ സ്ഥിതി മെച്ചപ്പെടുത്തുവാൻ സാധിക്കു. അതിൽ ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും വേണം. അതിനായി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രയത്നത്തിലാണ് ഗവൺമെന്റ്.

ശ്രീ. എം. നൗഷാദ്: സർ, സംസ്ഥാനത്ത് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതോടുകൂടി രോഗികളുടെ കൃത്യമായ ബയോഡാറ്റ നമുക്ക് ലഭിക്കും. ഫലപ്രദമായ ചികിത്സ നടത്താൻ വേണ്ടിയാണ് ഇത് തയ്യാറാക്കുന്നത്. അത്തരത്തിൽ ചികിത്സ നൽകണമെന്നുണ്ടെങ്കിൽ സ്പെഷ്യലൈസ്ഡ് ഡോക്ടർമാർ അത്യാവശ്യമാണ്. നമ്മുടെ നാട്ടിൽ എം.ബി.ബി.എസ്. സീറ്റുകൾ വരുന്ന ഗവൺമെന്റുകളെല്ലാം ക്രമാതീതമായി വർദ്ധിപ്പിക്കുന്നുണ്ട്. പക്ഷെ അതുകൊണ്ടു മാത്രം ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുമ്പോൾ ചികിത്സ നൽകാൻ കഴിയില്ല. ഇതിന് ആനുപാതികമായ തരത്തിൽ പി.ജി. കോഴ്സുകളിലെ സീറ്റുകളുടെ എണ്ണവും വർദ്ധിപ്പിക്കേണ്ടതുണ്ട്. അത്തരത്തിൽ സ്പെഷ്യലൈസ്ഡ് ഡോക്ടർമാരെ തയ്യാറാക്കുന്നതിന് പി.ജി. കോഴ്സുകളുടെ സീറ്റുകൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ശ്രദ്ധയുണ്ടാകുമോ; അതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, പി.ജി. കഴിഞ്ഞ് ഇറങ്ങുന്ന

ഡോക്ടർമാർ മുഴുവൻ സർക്കാർ സർവ്വീസിലേക്ക് വരുന്നില്ല എന്നുള്ളതാണ് ഏറ്റവും ബുദ്ധിമുട്ടുള്ള ഒരു കാര്യം. അവരെ സർക്കാർ സർവ്വീസിലേക്ക് കൊണ്ടു വരുന്നതിനാവശ്യമായ നടപടിക്രമങ്ങൾ സ്വീകരിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ട്. പി.ജി. സീറ്റുകളുടെ വർദ്ധനവ് സംബന്ധിച്ച് പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, രോഗത്തിനുള്ള ചികിത്സയേക്കാൾ പ്രാധാന്യം രോഗം നിർണ്ണയിക്കുക എന്നുള്ളതാണ്. ആരോഗ്യ നികേതനത്തിലെ ജീവൻ മശായി എന്ന വൈദ്യനെ കുറിച്ച് നമ്മൾ വായിച്ചിട്ടുണ്ട്. കേരളത്തിനകത്തും പുറത്തും നിരവധിയായ അതിവിദഗ്ദ്ധൻമാരായ ഡോക്ടർമാരുണ്ട്. അതിൽ റിട്ടയർ ചെയ്തവരുണ്ട്, സർവ്വീസിലുള്ളവരുണ്ട്. ഇവരെ ചികിത്സക്ക് മുൻപായി രോഗ നിർണ്ണയത്തിനുവേണ്ടി ഉപയോഗിക്കാൻ കഴിയുന്ന ഒരു സംവിധാനം ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ട് കേരളത്തിന്റെ ഏത് കോണിലിരുന്നും പ്രൈമറി ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജടക്കമുള്ള സംവിധാനത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഇത്തരം ഡോക്ടർമാരുടെ സേവനം രോഗ നിർണ്ണയത്തിനുവേണ്ടി ഉപയോഗപ്പെടുത്താൻ കഴിയുന്നതിന് ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായി ഉപയോഗപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, രോഗനിർണ്ണയവും രോഗ പ്രതിരോധവും വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഈ സർക്കാരിന്റെ ആരോഗ്യ നയത്തിന്റെ ഭാഗമായി ഏറ്റവും പ്രധാനമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് രോഗപ്രതിരോധത്തിലൂന്നിക്കൊണ്ടുള്ള ഒരു ചികിത്സാ സമ്പ്രദായം സ്വീകരിക്കണമെന്നുള്ളതാണ്. അതിലേറ്റവും പ്രധാനമായത് പ്രൈമറി ചികിത്സാ രംഗത്തെ ശക്തമാക്കുക എന്നതാണ് സർക്കാർ ആലോചിക്കുന്നത്. സമ്പൂർണ്ണ പ്രാഥമിക ആരോഗ്യ ദൗത്യമെന്ന പേരിൽ ഒരു പ്രത്യേക രീതിതന്നെ പ്രാഥമിക ആരോഗ്യ രംഗം മെച്ചപ്പെടുത്താൻ വേണ്ടി ഉപയോഗിക്കുന്നു. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിണമിപ്പിച്ച് അവിടെ രോഗനിർണ്ണയം എളുപ്പത്തിൽ സാധ്യമാകുന്ന തരത്തിൽ ഇടപെടുന്നതിനാണ് സർക്കാർ ആലോചിക്കുന്നത്. അപ്പോൾ പ്രാഥമികാരോഗ്യ കേന്ദ്രം എങ്ങനെയായിരിക്കണം എന്നതിനെക്കുറിച്ചും സർക്കാർ ആലോചിക്കുന്നുണ്ട്. അവിടെയുള്ള ഡോക്ടർമാരുടെ കഴിവുകൾ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. രോഗനിർണ്ണയത്തിന് കഴിയുന്ന രീതിയിൽ

പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാരുടെ കഴിവ് മെച്ചപ്പെടുത്തുന്നതിനാവശ്യമായിട്ടുള്ള ട്രെയിനിംഗുകൾ കൊടുക്കാൻ ആലോചിക്കുന്നുണ്ട്. എല്ലാ മേഖലകളിലും രോഗനിർണ്ണയത്തിനും രോഗ പ്രതിരോധത്തിനും ഊന്നൽ നൽകാൻ ഈ സർക്കാർ തയ്യാറാകും.

ശ്രീ. പി. ടി. തോമസ് : സർ, 2013 - ൽ ഇ - ഹെൽത്ത് പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിൽനിന്നും 100 കോടിയോളം ഉറുപ്പിക സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി. പക്ഷേ, ആ തുക കേരളത്തിലെ മുഴുവൻ പ്രൈമറി ഹെൽത്ത് സെന്ററുകൾക്കും വേണ്ടിയുള്ളതാണ്. ആ പ്രവർത്തനങ്ങൾ ഏതുവരെയായി? മന്ത്രിയുടെ മറുപടിയിൽ നിന്നും 9 കേന്ദ്രങ്ങളെയാണ് പൈലറ്റ് പ്രോജക്ടായിട്ട് എടുത്തതെന്ന് പറയുന്നു. എനിക്ക് പറയാനുള്ള ഒരു നിർദ്ദേശം ഇവിടെ ആരോഗ്യ രംഗത്തെ കാര്യങ്ങൾ കോടാനുകോടി രൂപ ചെലവഴിക്കുന്ന കാര്യങ്ങളെപ്പറ്റി പറയുന്നു. വിദ്യാഭ്യാസ-ആരോഗ്യ മേഖലയിൽ കേരളം നേടിയ നേട്ടങ്ങളിൽ നാം അഭിമാനം കൊള്ളുന്നുണ്ട്. എങ്കിൽ ആരോഗ്യ പദ്ധതി സമഗ്രമായി മെച്ചപ്പെടുത്താൻ ഒരു പ്രോജക്ട് കേന്ദ്രത്തിന് കൊടുക്കുമോ? ഒരു ഉദാഹരണം കൂടി പറഞ്ഞ് ഞാൻ

അവസാനിപ്പിക്കാം. കേരളത്തിലെ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ രണ്ടു നേഴ്സുമാരെയും ഒരു ഡോക്ടറെയും നിയമിച്ചാൽ ഓരോ പ്രൈമറി ഹെൽത്ത് സെന്ററിലും ചുരുങ്ങിയത് പത്തോ പതിനഞ്ചോ ആളുകളെ കിടത്തി ചികിത്സിക്കാൻ കഴിയുകയും താലൂക്കാശുപത്രികളിൽ അതിനുള്ള കൂടുതൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യാം. ഇതിനു വേണ്ടിയുള്ള ഒരു സമഗ്ര പദ്ധതി കേന്ദ്രത്തിന് സമർപ്പിക്കാൻ തയ്യാറുണ്ടോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ </u>: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് നന്നായി. 2013-ൽ വളരെ പ്രധാനപ്പെട്ട ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിൽ നിന്ന് അനുവദിച്ച് കിട്ടിയിട്ട് പിന്നീടുള്ള രണ്ടുവർഷക്കാലം കുറ്റകരമായ അനാസ്ഥ കഴിഞ്ഞ ഗവൺമെന്റ് കാണിച്ചു എന്നു ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. തുടക്കത്തിൽ തന്നെ അങ്ങനെ പോകണ്ട എന്നു കരുതിയാണ് ആദ്യം പറയാതിരുന്നത്. ഈ ഗവൺമെന്റ് വന്നപ്പോൾ ആ പദ്ധതിയുടെ കാലാവധി കഴിയാറായിരുന്നു. എന്നാലും ആ പദ്ധതി ശ്രദ്ധിച്ച് ഇടപെട്ടുകൊണ്ടാണ് ഇപ്പോൾ നടപ്പിലാക്കാൻ കഴിയുന്നതെന്ന് ബഹുമാനപ്പെട്ട മെമ്പർ അറിയണം. സംസ്ഥാന

വ്യാപകമായി 96 കോടി രൂപയാണ് ഈ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് അനുവദിച്ചത്. സംസ്ഥാന വ്യാപകമായിട്ട് ഈ പണം മതിയാകുകയില്ല. അതുകൊണ്ട് ഏഴ് ജില്ലകളിൽ നടപ്പിലാക്കിയതിനുശേഷം സംസ്ഥാന വ്യാപകമായി ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കാമെന്നാണ് ഇതിനെക്കുറിച്ച് എനിക്ക് പറയാനുള്ളത്.

ശ്രീ. സി. ദിവാകരൻ : സർ, കേരളത്തിലെ പൊതുജനങ്ങൾക്ക് ഏറ്റവും നല്ല ചികിത്സ ഗവൺമെന്റ് ആശുപത്രികളിൽ സജ്ജമാക്കാനാണ് ബഹുമാനപ്പെട്ട മന്ത്രി ശ്രമിക്കുന്നത്. ഞാൻ അതിനെ അഭിനന്ദിക്കുകയാണ്. ഇവിടെ പലരും പറഞ്ഞതുപോലെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞതുപോലെ 2013-ലെ കേന്ദ്ര ഗവൺമെന്റിന്റെ സഹായമുണ്ടായിട്ടും കേരളത്തിലെ പ്രൈമറി ഹെൽത്ത് സെന്ററുകളിലെ സ്ഥിതി അത്യന്തം ദയനീയമാണ്. കഴിഞ്ഞ നിയമസഭയിൽ അപ്പുറത്തിരിക്കുന്ന ആരോഗ്യ മന്ത്രിയോട് ഈ കാര്യങ്ങൾ പലതവണ പറഞ്ഞതാണ്. പ്രൈമറി ഹെൽത്ത് സെന്ററിലെ ഒരു ഡോക്ടർ ട്രെയിനിംഗിന് പോയാൽ പകരം ആളില്ല. ഞാൻ കഴിഞ്ഞ ദിവസം ഒരു

ഹെൽത്ത് സെന്ററിൽ പോയി. അവിടെയുള്ള ഒരു ഡോക്ടർ ഒരാഴ്ച ട്രെയിനിംഗിന് പോയിരിക്കുകയാണ്. അതുകൊണ്ട് ആ പ്രൈമറി ഹെൽത്ത് സെന്റർ പൂട്ടിയിട്ടിരിക്കുകയാണ്. നമ്മുടെ രാജ്യത്തെ പാവപ്പെട്ട ആളുകൾ സർക്കാരിന്റെ സഹായത്തിന് ആദ്യം കാലുവയ്ക്കുന്നത് പ്രൈമറി ഹെൽത്ത് സെന്ററുകളിലാണ്. അത് കഴിഞ്ഞാൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലാണ്. ഇതു രണ്ടും സമഗ്രമായ മാറ്റം വരുത്തിയില്ലെങ്കിൽ പൊതുജന സേവനമെന്ന് പറഞ്ഞിട്ട് കാര്യമില്ല. ഇതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നത്?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കേരളത്തിലെ പ്രൈമറി ഹെൽത്ത് സെന്ററുകളിലെ നില വളരെ ശോചനീയമായിരുന്നു. ആവശ്യമായ ഡോക്ടർമാർ ഇല്ലാത്ത അവസ്ഥയുണ്ടായിരുന്നു. അസിസ്റ്റന്റ് സർജർമാരുടെ പി.എസ്.സി. ലിസ്റ്റ് നിലവിലുള്ളപ്പോഴാണ് ഇങ്ങനെ ഒരു സ്ഥിതി കേരളത്തിലെ പ്രൈമറി ഹെൽത്ത് സെന്ററുകൾക്ക് ഉണ്ടായിരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ അസിസ്റ്റന്റ് സർജർമാരുടെ ലിസ്റ്റിന്റെ

കാലാവധി ജൂൺ 30 - ന് തീരുകയായിരുന്നു. അതിൽ നിന്ന് കഴിഞ്ഞ രണ്ടര വർഷക്കാലമായി ഒരു നിയമനവും പി.എസ്.സി. നടത്തിയില്ല. ഈ ഗവൺമെന്റ് അടിയന്തരമായി ക്യാബിനറ്റ് യോഗത്തിൽ തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം തീരുമാനിച്ച് ആ ലിസ്റ്റിന്റെ കാലാവധി എക്സ്റ്റന്റ് ചെയ്ത് ഡിസംബർ മാസംവരെ നീട്ടി കൊടുത്തു. അടിയന്തരമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനാവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ 750 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയും ആ ലിസ്റ്റിൽ നിന്നും 380 – ഓളം പേരെ അസിസ്റ്റന്റ് സർജൻമാരായി ഇപ്പോൾ നിയമിച്ചിരിക്കുകയാണ്. അതിൽ കൂടുതൽ ഡോക്ടർമാരെ നിയമിക്കാൻ ആഗ്രഹമുണ്ട്. സർക്കാർ സർവ്വീസിൽ ഡോക്ടർമാർ ജോയിൻ ചെയ്യാൻ വരുന്നില്ല. സർക്കാർ സർവ്വീസിൽ ഡോക്ടർമാർ താല്പര്യം പ്രകടിപ്പിക്കാത്ത അവസ്ഥയുണ്ട്. ഈ സ്ഥിതി മെച്ചപ്പെടുത്താൻ നന്നായി ഇടപെട്ടിട്ടുണ്ട്. പൂട്ടിക്കിടന്ന ചില പ്രൈമറി ഹെൽത്ത് സെന്ററുകൾ ഡോക്ടർമാരുടെ സഹായത്തോടെ ഇപ്പോൾ തുറന്നു പ്രവർത്തിപ്പിക്കുന്നുണ്ട്. ശേഷിക്കുന്നവയെയും മെച്ചപ്പെടുത്താൻ വരുന്ന നാളുകളിൽ ഈ ഗവൺമെന്റ് വേണ്ട നടപടികൾ

സ്വീകരിക്കും.

മി. സ്പീക്കർ : ബന്ധപ്പെട്ട ചോദ്യങ്ങളും ഉപചോദ്യങ്ങളും ഉപചോദ്യങ്ങൾക്കാവശ്യമായിട്ടുള്ള ബ്രീഫായിട്ടുള്ള മറുപടിയും ആകുമ്പോൾ പെട്ടെന്ന് പോകാൻ പറ്റും.

ശ്രീ. വി. എസ്. ശിവകുമാർ : സർ.......

മി. സ്പീക്കർ : അങ്ങേക്ക് എന്തെങ്കിലുമുണ്ടെങ്കിൽ എഴുതിതന്നാൽ മതി.

കോടതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ

T*753 ശ്രീ. സി. കെ. നാണു. :

ശ്രീ. കോവൂർ കുഞ്ഞുമോൻ :

ശ്രീ. കെ. കൃഷ്ണൻകുട്ടി :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വകുപ്പിലെയും ജോലിഭാരം പഠിയ്ക്കാൻ നിയോഗിച്ച കമ്മീഷൻ ശിപാർശ പ്രകാരം, മജിസ്ട്രേറ്റ് കോടതികളിൽ 784 തസ്തികകൾ സൃഷ്ടിക്കാrk ള്ള ഹൈക്കോടതി ഉത്തരവ് നടപ്പാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന്

വ്യക്തമാക്കുമോ;

(ബി) കീഴ് കോടതികളിലെ സിവിൽ, ക്രിമിനൽ ഡിപ്പാർട്ട്മെന്റുകൾ ഇന്റഗ്രേറ്റ് ചെയ്യണമെന്ന 2003 - ലെ ഒന്നാം ജുഡീഷ്യൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) നെഗോഷ്യബിൾ ഇൻസ്ട്രമെന്റ്സ് ആക്ട് പ്രകാരമുള്ള ചെക്ക് കേസുകൾ 6 മാസത്തിനകം തീർപ്പാക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെടാത്തതിനാൽ കേസുകൾ കുന്നുകൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>) : സർ,

(എ) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ O&M വർക്ക് സ്റ്റഡി ശിപാർശ പ്രകാരം മജിസ്ട്രേറ്റ് കോടതികളിൽ സൃഷ്ടിക്കേണ്ടതായ 784 തസ്തികകളിൽ 224 ക്ലറിക്കൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ബാക്കി തസ്തികകൾ ഉടനെ സൃഷ്ടിക്കുവാൻ നിർവ്വാഹമില്ല.

(ബി) കീഴ് കോടതികളിലെ സിവിൽ, ക്രിമിനൽ ഡിപ്പാർട്ട്മെന്റുകൾ ഇന്റഗ്രേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(സി) കഴിഞ്ഞ 3 വർഷത്തെ സ്റ്റാറ്റിസ്റ്റിക്സ് പരിശോധിച്ചതിൽ, തീർപ്പാക്കേണ്ട

ചെക്ക് കേസുകളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണുന്നു. ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നതിനായി 3 സ്പെഷ്യൽ ജെ.എഫ്.എം.സി. കോടതികൾ അധികമായി രൂപീകരിച്ച് പ്രവർത്തനം നടന്നു വരുന്നു. കൂടാതെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ട് പ്രകാരമുള്ള കേസുകൾ തീർപ്പാക്കുന്നതിന് 50 മുൻസിഫ് കോടതികൾക്ക് മജിസ്ട്രീരിയൽ അധികാരം നൽകിയിട്ടുമുണ്ട്.

<u>ശ്രീ. സി. കെ. നാണു</u> : സർ, 2003 - ൽ കോടതികളുടെ പരിഷ്കരണത്തെ സംബന്ധിച്ചുള്ള കമ്മിറ്റിയുടെ തീരുമാനപ്രകാരം താഴെതട്ടിലുള്ള ക്രിമിനൽ, സിവിൽ കോടതികളെ ഏകീകരിക്കാനുള്ള തീരുമാനം ഇൻഡ്യയിൽ നടപ്പാക്കാത്ത മൂന്ന് സംസ്ഥാനങ്ങളിൽ ഒന്ന് കേരളമാണെന്നു പറയുന്നത് ശരിയാണോ? അതുപോലെ കോടതികളിലെ കേസ്സുകൾ വളരെ വേഗം തീർപ്പാക്കാനുള്ള സംവിധാനമുണ്ടാക്കേണ്ടത് നമ്മുടെ നാട്ടിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഏറ്റവും ആവശ്യമുള്ള കാര്യമാണ്. സുപ്രീംകോടതിയിലടക്കം കേസ്സുകൾ കെട്ടിക്കിടക്കുന്നതിന്റെ ഫലമായി ജഡ്ജസിനെ നിശ്ചയിക്കാൻ സാധിക്കാത്തതുകൊണ്ട് റിട്ടയർ ചെയ്ത ജഡ്ജിമാരെ സ്വീകരിക്കാൻ സാധിക്കുമോ എന്ന് സുപ്രീംകോടതി പോലും ആലോചിക്കുന്ന ഈ ഘട്ടത്തിൽ കോടതികളിലെ കേസ് തീർപ്പാക്കാൻ സഹായകരമായ നിലപാട് എടുക്കണം. അതിനാവശ്യമായ

ജീവനക്കാരെ നിയമിക്കണം. 784 പേരെ നിയമിക്കാനുള്ളതിൽ ഇതുവരെയായി 224 പേരെമാത്രമേ നിയമിക്കാൻ സാധിച്ചിട്ടുള്ളൂ. അതിന്റെ തകരാറുകൾ എല്ലാ സാമൂഹ്യരംഗത്തും ബാധിക്കുന്ന ഒരു അവസ്ഥയാണ് ഇപ്പോഴുള്ളത്.

ശ്രീ. പിണറായി വിജയൻ : സർ, സിവിൽ, ക്രിമിനൽ ഡിപ്പാർട്ടുമെന്റുകൾ ഇന്റഗ്രേറ്റ് ചെയ്യുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു എന്നുതന്നെയാണ് മറുപടി പറഞ്ഞത്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും. കോടതികളിൽ കെട്ടിക്കിടക്കുന്ന കേസ്സുകളുടെ കാര്യം അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് വസ്തുതയാണ്. നമ്മുടെ സംസ്ഥാനത്ത് ഹൈക്കോടതിയിൽ ആകെ 1,65,387 കേസ്സുകളാണ് കെട്ടിക്കിടക്കുന്നത്. സിവിൽ ഇനത്തിൽ 1,28,358 കേസ്സുകളും ക്രിമിനൽ വിഭാഗത്തിൽ 37,029 കേസ്സുകളുമാണുള്ളത്. സബോർഡിനേറ്റ് കോടതികളിൽ ആകെ 15,07,330 കേസ്സുകളാണ് കെട്ടിക്കിടക്കുന്നുണ്ട്. അതിൽ സിവിൽ ഇനത്തിൽ 4,16,349 കേസ്സുകളും ക്രിമിനൽ രംഗത്ത് 10,90,931 കേസ്സുകളുമാണ്. കേസ്സുകൾ വേഗം തീർപ്പാക്കുന്നതിന് ഹൈക്കോടതി തന്നെ ചില നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തസ്തികകൾ സൃഷ്ടിക്കുന്നതിനെക്കുറിച്ച് പറഞ്ഞ കാര്യങ്ങളിൽ തസ്തികകൾ സൃഷ്ടിക്കലും ഗൗരവമായി പരിശോധിക്കേണ്ട കാര്യമാണ്. തസ്തികകൾ കൂടുതലായി

അനുവദിക്കേണ്ടതില്ല എന്ന നിലപാടല്ല, സാമ്പത്തിക സ്ഥിതി കാരണം തല്ക്കാലം ഇങ്ങനെ ഒരു നിലപാട് എടുത്തതാണ്. തുടർന്ന് തസ്തികകൾ അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകതന്നെ ചെയ്യും.

ശ്രീ. സി. കെ. നാണു: സർ, ഇ-കോർട്ട് സ്ഥാപിച്ചതിന്റെ ഫലമായി ചെക്ക് കേസ്സുകൾ വളരെ വേഗം തീർപ്പ് കൽപ്പിക്കുന്നതിനുള്ള സാധ്യതയുണ്ട്. പക്ഷേ കുറേശ്ശെ മെച്ചപ്പെട്ട് വരുന്നു എന്ന് പറയുന്നതോടൊപ്പം അതിന് വളരെ വേഗം പരിഹാരം കാണാനാവശ്യമായ സംവിധാനം ഉണ്ടാക്കണം. പാവപ്പെട്ട ആളുകളെ ബാധിക്കുന്ന ഈ പ്രശ്നത്തിന് ജനങ്ങൾക്ക് തൃപ്തികരമായ രീതിയിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ചെക്ക് കേസ്സുകളുടെ കാര്യത്തിൽ ഇപ്പോൾ തന്നെ ആവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്. മൂന്ന് സ്പെഷ്യൽ ജെ.എഫ്.എം.സി. കോടതികൾ അധികമായി രൂപീകരിച്ച് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ മൂന്നുവർഷത്തെ കണക്ക് പരിശോധിക്കുമ്പോൾ ചെക്ക് കേസ്സുകളുടെ എണ്ണത്തിൽ വർദ്ധനവല്ല, കുറവാണ് കാണാൻ കഴിയുന്നത്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കേരളത്തിൽ ഏകദേശം 306 സിവിൽ കോടതികളും 171 മജിസ്ട്രേറ്റ് കോടതികളും പ്രവർത്തിക്കുന്നുണ്ട്. 7630

സിവിൽ കോടതി ജീവനക്കാരും 2794 ക്രിമിനൽ കോടതി ജീവനക്കാരുമാണ് നിലവിലുള്ളത്. ഈ കോടതികളിലെല്ലാം ഇരിക്കാനോ നിൽക്കാനോ സ്ഥലമില്ല. ടോയ്‌ലെറ്റ് സംവിധാനങ്ങൾ പോലുമില്ലാത്ത പല കോടതികളുമുണ്ട്. മജിസ്ട്രേറ്റുമാരെ നിയമിക്കാത്ത കോടതിയും ഉണ്ട്. ശാസ്താംകോട്ടയിൽ അടക്കം നാല് ദിവസം ഒരു കോടതിയിലും രണ്ട് ദിവസം മജിസ്ട്രേറ്റ് കോടതിയിലുമാണ് ഇപ്പോൾ പ്രവർത്തനം നടക്കുന്നത്. അങ്ങനെയുള്ള സംവിധാനത്തിലേക്ക് മജിസ്ട്രേറ്റുമാരെ അടിയന്തരമായി നിയമിക്കേണ്ടതായിട്ടുണ്ട്. ശാസ്താംകോട്ട കോടതിയിലടക്കം മജിസ്ട്രേറ്റുമാരെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, കോടതികളുടെ പശ്ചാത്തല സൗകര്യം വർദ്ധിക്കേണ്ടതുണ്ട് എന്നത് ശരിയായ കാര്യമാണ്. പരിമിതമായ സൗകര്യങ്ങൾ മാത്രമേ ഇപ്പോൾ പല കോടതികളിലുമുള്ളൂ. അത് നല്ല രീതിയിൽ വർദ്ധിക്കേണ്ടതായിട്ടുണ്ട്. ഇതിൽ ഒരു കാര്യവും കൂടി ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുകയാണ്. സാധാരണഗതിയിൽ സർക്കാർ അവതരിപ്പിക്കുന്ന ബഡ്ജറ്റിൽ കോടതികളുടെ സൗകര്യത്തെക്കുറിച്ച് പറയാറുണ്ട്. ആ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പ് ഫിനാൻസ് സെക്രട്ടറി ഹൈക്കോടതി രജിസ്ട്രാറുമായി കാര്യങ്ങൾ ചർച്ച ചെയ്യണമെന്ന് ഉദ്ദേശിക്കുന്നുണ്ട്. അടുത്ത ബഡ്ജറ്റ് മുതൽ

അത്തരമൊരു രീതികൂടി സ്വീകരിക്കുന്നതായിരിക്കും.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സാമ്പത്തിക ബുദ്ധിമുട്ടിനെക്കുറിച്ച് പറഞ്ഞു. ഉത്തരം 'ബി'-യിൽ കീഴ്ക്കോടതികളിലെ സിവിൽ, ക്രിമിനൽ ഡിപ്പാർട്ടുമെന്റുകൾ ഇന്റഗ്രേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നതായി പറഞ്ഞു. അത് എത്രയും വേഗം ചെയ്യണം. ഒരു ദിവസം ചിറ്റൂരിലെ ഒരു മജിസ്ട്രേറ്റ് കോടതിയിൽ നിന്ന് സർക്കാരിന് കിട്ടുന്ന വരുമാനം ഒരു ലക്ഷം രൂപയാണ്. അദാലത്ത് നടത്തുമ്പോൾ 3 കോടി രൂപവരെ വരുമാനം ലഭിക്കുന്നുണ്ട്. സിവിൽ കോടതിയിൽ 600 കേസ്സുകളും മജിസ്ട്രേറ്റ് കോടതിയിൽ 10,000 കേസ്സുകളുമാണ് കൈകാര്യം ചെയ്യുന്നത്. പതിനായിരത്തോളം കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് വെറും 14 ജീവനക്കാരാണുള്ളത്. അതുപോലെ സിവിൽ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് 54 ജീവനക്കാരുമാണുള്ളത്. ഇവ രണ്ട് ഡിപ്പാർട്ട്മെന്റുകളും ഒന്നിച്ച് ചേർത്താൽ നിലവിലുള്ള ജീവനക്കാർക്ക് 10,600 കേസ്സുകൾ കൈകാര്യം ചെയ്യാൻ സാധിക്കും. പുതിയ തസ്തിക സൃഷ്ടിക്കാതെ തന്നെ, സർക്കാരിനും കൂടുതൽ വരുമാനം കിട്ടാനുള്ള സാദ്ധ്യതയുണ്ട്. അതിനാൽ രണ്ട് ഡിപ്പാർട്ട്മെന്റുകളും അടിയന്തരമായി ഇന്റഗ്രേറ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, സിവിൽ, ക്രിമിനൽ ഡിപ്പാർട്ടുമെന്റുകൾ കീഴ്ക്കോടതികളിൽ ഇന്റഗ്രേറ്റ് ചെയ്യാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. അതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുവെന്നാണ് നേരത്തെ വ്യക്തമാക്കിയത്. അത് ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാം.

ശ്രീ. അൻവർ സാദത്ത്: സർ, തിരുവിതാംകൂറിൽ ആദ്യത്തെ അഞ്ച് ജില്ലാ കോടതികൾ അനുവദിച്ചപ്പോൾ അതിൽ ഒരെണ്ണം ആലുവയിലാണ് സ്ഥാപിച്ചത്. കോടതി സ്ഥാപിതമായിട്ട് 200 വർഷം തികയുകയാണ്. മജിസ്ട്രേറ്റ് കോടതിയും മുൻസിഫ് കോടതിയുമാണ് ഇപ്പോൾ അവിടെ പ്രവർത്തിക്കുന്നത്. അവിടെ ഇപ്പോൾ ഒരു ഫാമിലി കോർട്ട് കൂടി അനുവദിച്ചിട്ടുണ്ട്. പക്ഷെ അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. അതുപോലെ തന്നെ ആലുവയിൽ സബ്കോടതിയും എം.എ.സി.റ്റി.-യും ഇല്ലാത്തതിനാൽ പെരുമ്പാവൂരും പറവൂരും പോയാണ് കേസ്സുകൾ നടത്തുന്നത്. യാത്രാച്ചെലവ് കാരണം ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടുന്നുണ്ട്. അതുകൊണ്ട് അവിടെയൊരു എം.എ.സി.റ്റി.-യും സബ്കോടതിയും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ആ കോടതി സ്ഥാപിച്ച് 200 വർഷമായതുകൊണ്ട് ബിൽഡിംഗ് വളരെ മോശമായ നിലയിലാണ്. പുതിയ ഒരു ബിൽഡിംഗ് പണിയേണ്ടത് വളരെ അനിവാര്യമാണ്.

ആയതിനാൽ ഒരു പുതിയ കോടതി സമുച്ചയം പണിയാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതെല്ലാം പ്രത്യേകമായി പരിശോധിച്ച് മറുപടി പറയേണ്ട കാര്യങ്ങളാണ്. 200 വർഷമാകുന്നുവെന്നത് നല്ല കാര്യംതന്നെയാണ്. ആ കെട്ടിടം ഒരു പുരാവസ്തുവായി സൂക്ഷിക്കേണ്ട കാര്യമായി കണക്കിലെടുക്കേണ്ടതാണ്.

മി. സ്പീക്കർ: ചെയർ ഉപചോദ്യങ്ങൾ അനുവദിക്കുന്നത് വ്യക്തമായ മാനദണ്ഡങ്ങളുടെയും ഓരോരുത്തർക്കും ലഭിച്ച അവസരങ്ങളുടെയും കൃത്യമായ വിവരത്തിന്റെ അടിസ്ഥാനത്തിലാണ്. മുൻനിരയിൽനിന്ന് തുടർച്ചയായി കയ്യുയർത്തിയാൽ പിൻനിരയിലുള്ളവർക്ക് അവസരം നഷ്ടപ്പെടും. അതുകൊണ്ട് കുറച്ച് പിൻനിരയിലുള്ളവർക്ക് വിട്ടുകൊടുത്താൽ അവർക്ക് ചോദ്യങ്ങൾ ചോദിക്കാൻ അവസരം കിട്ടും. ചെയറിന്റെ മുന്നിൽ മറ്റ് മാർഗ്ഗമില്ല. അതിനാൽ മുൻനിരയിൽ നിന്ന് ഉന്നയിക്കുമ്പോൾ അവർക്ക് കൊടുക്കേണ്ടിവരും.

ശ്രീ. റ്റി. വി. രാജേഷ്: സർ, അഡ്മിനിസ്ട്രേഷൻ ഓഫ് ജസ്റ്റിസ് എന്നത് ആഭ്യന്തരവകുപ്പിനുകീഴിലുള്ള ഒരു വകുപ്പാണ്. ആഭ്യന്തര വകുപ്പ് സെക്രട്ടറിക്കാണ് അതിന്റെ ചുമതല. നിയമവും നീതിനിർവ്വഹണവും ഒരു വകുപ്പിൻ കീഴിൽ

കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ആ കാര്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. ഹൈബി ഈഡൻ: സർ, നമ്മുടെ സംസ്ഥാനത്ത് ഏതൊരു സ്ഥാപനം തുടങ്ങണമെങ്കിലും തദ്ദേശീയ സ്ഥാപനങ്ങളുടെ അനുമതിയോടുകൂടി മാത്രമേ തുടങ്ങാൻ സാധിക്കുകയുള്ളൂ. അതൊരു ബഹുനിലക്കെട്ടിടമാണെങ്കിൽ അതിന് ഫയർ ആന്റ് സേഫ്റ്റി അടക്കമുള്ള, ഏവിയേഷൻ ക്ലിയറൻസ് അടക്കമുള്ള മറ്റ് അനുമതികളും വേണ്ടിവരുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഏതെങ്കിലും തരത്തിൽ കോടതികളെ ഇതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; കോടതികൾ തുടങ്ങുന്ന സന്ദർഭത്തിൽ തദ്ദേശീയ സ്ഥാപനങ്ങളുടെ അനുമതി വാങ്ങുന്നതുപോലെതന്നെ സർവ്വീസ് ടാക്സ് മുതലായ കാര്യങ്ങൾ അടയ്ക്കുന്നതിൽ നിന്ന് ഏതെങ്കിലും കോടതികളെ ഒഴിവാക്കിയിട്ടുണ്ടോ; അല്ലെങ്കിൽ ഇപ്പോൾ പണിഉതീർന്ന, പ്രവർത്തനം നടക്കുന്ന, അത്തരം നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ റെഗുലറൈസ് ചെയ്യാൻവേണ്ടി എന്തെങ്കിലും നിയമം സർക്കാർ കൊണ്ടുവരുമോ?

ശ്രീ. പിണറായി വിജയൻ: സർ, എന്റെ അറിവിൽപ്പെട്ടിടത്തോളം അങ്ങനെയുള്ള കാര്യങ്ങളില്ല. ഏതെങ്കിലും പ്രത്യേക പ്രശ്നങ്ങളുണ്ടെങ്കിൽ

ശ്രദ്ധയിൽപ്പെടുത്തിയാൽ ആവശ്യമായ പരിശോധന നടത്താം.

ശ്രീമതി സി. കെ. ആശ: സർ, മജിസ്ട്രേറ്റ് കോടതി ജീവനക്കാരുടെ പ്രശ്നങ്ങൾ ആഭ്യന്തരവകുപ്പിൽ പല വിഭാഗങ്ങളിലായാണ് കൈകാര്യം ചെയ്യുന്നത്. ഇതിൽ മാറ്റം വരുത്തി മറ്റ് സംസ്ഥാനങ്ങളിലേതുപോലെ ലാ ഡിപ്പാർട്ടുമെന്റിന്റെ ചുമതലയിൽ കൊണ്ടുവരുന്നതിന് സാദ്ധ്യമാണോ?

ശ്രീ. പിണറായി വിജയൻ: സർ, അക്കാര്യം ഇതുവരെ ഒരു പ്രശ്നമായി വന്നിട്ടില്ല. ഇത് ഒരു പ്രത്യേക പ്രശ്നമായി കണക്കാക്കി പരിശോധിക്കാം.

ശ്രീ. എം. ഉമ്മർ: സർ, ഗ്രാമ കോടതികൾ പഞ്ചായത്തീരാജ് സംവിധാനത്തിൽ വരുമെന്ന് പ്രഖ്യാപിക്കുകയും അതിന്റെ കുറെ നടപടികൾ വന്നതായും പത്രങ്ങളിൽ കാണുന്നു. കേരളത്തിൽ അങ്ങനെ ഗ്രാമ കോടതികൾ ഉടനെ ആരംഭിക്കുന്നതിനുള്ള നടപടികൾക്ക് തീരുമാനമായിട്ടുണ്ടോ; അല്ലെങ്കിൽ അങ്ങനെയുള്ള ഗ്രാമ കോടതികൾ കൂടി സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഗ്രാമീണ കോടതികൾ നമ്മുടെ സംസ്ഥാനത്ത് ഇതിനകം തന്നെ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. 15 ഗ്രാമന്യായാലയങ്ങൾ ഇപ്പോൾ തന്നെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ചടയമംഗലം, നെടുങ്കണ്ടം,

പാറശ്ശാല, അഴൂത, കൽപ്പറ്റ, ഇരിട്ടി, കൊടുവള്ളി, പാമ്പാടി, വടവുകോട്, പൊന്നാനി, പുലമന്തോൾ, വൈക്കം, ശ്രീകൃഷ്ണപുരം, ചൊക്ലി, വെസ്റ്റ് എളേരി എന്നിവിടങ്ങളിൽ ഇപ്പോൾ തന്നെ ഗ്രാമീണ കോടതികൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. പുതിയ കോടതികളെപ്പറ്റിയുള്ള നിർദ്ദേശങ്ങളുമുണ്ട്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, കോടതികളുടെ പ്രവർത്തനത്തിൽ, നിയമം ജനങ്ങൾക്ക് പ്രാപ്യമാകുന്ന തരത്തിലേയ്ക്ക് മാറ്റാൻ ഗവൺമെന്റ് നല്ല സമീപനം സ്വീകരിക്കുന്നുണ്ടെന്ന് നയപ്രഖ്യാപനത്തിൽത്തന്നെ പറഞ്ഞിട്ടുണ്ട്. അങ്ങനെയെങ്കിൽ ഭൗതിക സാഹചര്യങ്ങളുള്ള സ്ഥലത്ത് അഡീഷണൽ കോടതികൾ അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ; കൊട്ടാരക്കരയിൽ കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് ആധുനിക കോടതി സമുച്ചയം അനുവദിച്ചത് നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. അതിനുമുകളിലുള്ള നില വളരെ സ്പേഷ്യസാണ്. ഒരു അഡീഷണൽ ജില്ലാ കോടതികൂടി അവിടെ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോടതികൾ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ നമുക്ക് അറിയാവുന്നതാണ്. അത് പൂർണ്ണമായും എക്സിക്യൂട്ടീവ് തീരുമാനിക്കുന്ന കാര്യങ്ങളല്ല. ജുഡീഷ്യറുമായി

ബന്ധപ്പെട്ട് പരിശോധനകൾ നടത്തി അതിന്റേതായ ശിപാർശകൾകൂടി കണക്കിലെടുത്താണ് നടപടികളിലേയ്ക്ക് കടക്കുന്നത്. അങ്ങനെയുണ്ടാകുന്ന ഘട്ടത്തിൽ അതുസംബന്ധിച്ച് പരിശോധിക്കാം.

ശ്രീ. സണ്ണി ജോസഫ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗ്രാമ ന്യായാലയങ്ങൾ പുതിയതായി ആരംഭിച്ച കാര്യം പറഞ്ഞു. നീതിനിർവഹണത്തെ സഹായിക്കുന്നതിനുവേണ്ടിയാണ് കേന്ദ്രഗവൺമെന്റ് സഹായത്തിൽ ആ പദ്ധതി ആരംഭിച്ചിട്ടുള്ളത്. പക്ഷേ പലപ്പോഴും അത് ജനങ്ങൾക്ക് കൂടുതൽ അസൗകര്യമുണ്ടാക്കുന്നുണ്ട്. ഇരിട്ടിയിൽ ഗ്രാമ ന്യായാലയം ആരംഭിച്ചപ്പോൾ അതിന്റെ ജുറിസ്ഡിക്ഷൻ പരിധിയിൽ ബ്ലോക്ക് പഞ്ചായത്തിനെ പൂർണ്ണമായും ഉൾപ്പെടുത്തിയിരിക്കുന്നു. മട്ടന്നൂരിൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതി നിലനിൽക്കെ കൂടാളി, കീഴല്ലൂർ പഞ്ചായത്തിലെ ആളുകൾക്ക് രണ്ട് മുനിസിപ്പൽ പ്രദേശം കടന്ന് പായത്തുള്ള ഗ്രാമ ന്യായാലത്തിലേയ്ക്ക് വരേണ്ടിവരുന്നു. കാരണം ഗ്രാമ ന്യായാലയത്തിന്റെ ജുറിസ്ഡിക്ഷൻ ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയാണ്. തൊട്ടടുത്തുള്ള പ്രദേശങ്ങൾ വേറെ ബ്ലോക്ക് പഞ്ചായത്തായതുകൊണ്ട് ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് ഗ്രാമ ന്യായാലയങ്ങളുടെ ജുറിസ്ഡിക്ഷൻ ഭൂമിശാസ്ത്രപരമായി ജനങ്ങൾക്ക്

സൗകര്യപ്രദമായ രൂപത്തിൽ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച വിഷയം പരിശോധന അർഹിക്കുന്ന ഒന്നാണ്. കാരണം പ്രായോഗിക ബുദ്ധിമുട്ടുണ്ടാകുന്നു എന്നത് ശരിയാണ്. അത് ബ്ലോക്കിന്റെ ഘടനയുമായി ബന്ധപ്പെട്ട കാര്യമായിരിക്കും. സാധാരണനിലയിൽ ഒരു ബ്ലോക്കിൽ ഒരു ഗ്രാമ ന്യായാലയം എന്നു പറയുന്നതിൽ തെറ്റ് പറയാൻ കഴിയില്ല. അത്തരം കാര്യങ്ങളെല്ലാംകൂടി പരിശോധിച്ച് നിലപാട് സ്വീകരിക്കേണ്ടതായിവരും. ഈ പ്രശ്നം പ്രത്യേകമായി പരിശോധിച്ച് പരിഹാരം കാണേണ്ടതാണ്.

ശ്രീ. കെ. ബാബു: സർ, നമ്മുടെ സംസ്ഥാനത്ത് ഗ്രാമ ന്യായാലയം എന്ന നിലയിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ കോടതികൾ സ്ഥാപിച്ചുവരികയാണ്. നെന്മാറ നിയോജകമണ്ഡലത്തിൽ രണ്ട് ബ്ലോക്ക് പഞ്ചായത്തുകളുണ്ട്. ഒരു കേസിന്റെ ആവശ്യത്തിനായി പോകണമെങ്കിൽ 30 മുതൽ 80 കിലോമീറ്റർ ദൂരം പോകേണ്ട അവസ്ഥയാണ് നിലവിലുള്ളത്. അതുകൊണ്ട് നെന്മാറ നിയോജകമണ്ഡലത്തിലുള്ള രണ്ട് ബ്ലോക്ക് പഞ്ചായത്തുകളിൽ ഒന്നിലെങ്കിലും ഗ്രാമീണ കോടതി സ്ഥാപിക്കാൻ കഴിയുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഗ്രാമീണ കോടതികൾ സ്ഥാപിച്ചുതുടങ്ങിയ സാഹചര്യത്തിൽ എല്ലാവരും ഈ ആവശ്യം ഉന്നയിച്ചു എന്നുവരും, അത് സ്വാഭാവികമാണ്. അതിന്റെ മുറപ്രകാരം അനുവദിക്കാവുന്ന സ്ഥലങ്ങളിൽ അനുവദിക്കാം.

ശ്രീ. പി. സി. ജോർജ്: സർ, കോടതികളുടെ അതിർത്തി നിശ്ചയിക്കുന്നത് ജില്ലാ കളക്ടറും എസ്.പി.യും സെഷൻ ജഡ്ജിയും ചേർന്ന ഒരു കമ്മിറ്റിയാണ്. ഞാൻ മനസ്സിലാക്കിയിടത്തോളം 40 വർഷത്തിനിടയിൽ ഇങ്ങനെയൊരു കമ്മിറ്റി കൂടിയിട്ടേയില്ല, എനിക്ക് അനുഭവമുള്ളതാണ്. ബഹുമാനപ്പെട്ട ഗവൺമെന്റ് ശക്തമായ നിലപാട് സ്വീകരിച്ച് കോടതികളുടെ അതിർത്തി സംബന്ധമായ തർക്കം ഇല്ലാതാക്കാൻ ഈ കമ്മിറ്റി കൂടാനുള്ള അവസരം സൃഷ്ടിക്കുമോ; ഇവിടെ സിവിൽ കേസിന്റെ എണ്ണം വളരെ കുറവാണ്. എന്നിട്ടും ആ കേസുകൾ തീരാത്തതിന് കാരണം ബഹുമാനപ്പെട്ട വക്കീലന്മാരാണ്. കേസ് അവധിക്ക് വച്ചാലെ അവർക്ക് ഫീസ് ലഭിക്കുകയുള്ളൂ, വക്കീലന്മാർ എന്നോട് ക്ഷമിക്കണം. ഭൂപരിഷ്കരണ നിയമം വന്നുകഴിഞ്ഞതിനാൽ കേരളത്തിൽ സിവിൽ കേസിന് പ്രസക്തിയില്ല. അതുകൊണ്ട് സിവിൽ കേസുകൾ എത്രയും വേഗം തീർപ്പാക്കാനുള്ള ശക്തമായ ഇടപെടൽ ഗവൺമെന്റ് നടത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വക്കീലൻമാരിൽ കൂടുതൽ കേസുള്ളവരെയാണ് കക്ഷികൾ കേസ് ഏൽപ്പിക്കുന്നത്. അവർക്ക് കൂടുതൽ കേസുകൾ വരുന്നതുകൊണ്ട് കേസുകൾ നീണ്ടുപോകുന്നതിന് കാരണമാകുന്നുണ്ടാകാം, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാരണമാണെന്ന് തോന്നുന്നില്ല. കൂടുതൽ കേസുള്ള വക്കീലൻമാരെ കേസ് ഏൽപ്പിക്കാനാണ് എപ്പോഴും കക്ഷികൾ താല്പര്യം കാണിക്കുന്നത്. അത് ചില പ്രയാസങ്ങൾ ഉണ്ടാക്കുന്നുണ്ടാകും. മറ്റ് കാര്യങ്ങൾ എന്താണെന്നത് പരിശോധിക്കാം. പ്രത്യേക പ്രശ്നങ്ങൾ ഉന്നയിച്ചാൽ അത് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുകയും പരിശോധനാ നടത്താൻ ആവശ്യപ്പെടുകയും ചെയ്യാം.

മി. സ്പീക്കർ: പരമാവധി ഉപചോദ്യങ്ങൾക്ക് മറുപടി നൽകി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നല്ലൊരു മാതൃക സൃഷ്ടിച്ചിരിക്കുകയാണ്.

അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ

(*754) ശ്രീ. സി. എഫ്. തോമസ്:

ശ്രീ. റോഷി അഗസ്റ്റിൻ:

ശ്രീ. മോൻസ് ജോസഫ്:

ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി

സദയം മറുപടി നൽകുമോ:

(എ) അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെല്ലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഇതിന്റെ പ്രവർത്തന ഘടന എപ്രകാരമാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സെല്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; ആയവ മുൻനിർത്തി സെല്ലിന്റെ പ്രവർത്തനങ്ങൾ തൃപ്തികരമാണോയെന്ന് വ്യക്തമാക്കുമോ;

(സി) ഈ സെല്ലിന്റെ പ്രവർത്തനത്തിന് പ്രതിവർഷം ചെലവഴിക്കുന്ന തുകയെത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ സെല്ലിന്റെ സേവനം അനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ&ബി) സർക്കാർ സർവ്വീസിലെ ചില വ്യാജ നിയമനങ്ങളും നിയമന തട്ടിപ്പുകളും വെളിച്ചത്തുവന്നതിനെ തുടർന്നാണ് 2001 ജനുവരി 1 മുതൽ 2010 ഡിസംബർ 31 വരെയുള്ള കാലയളവിൽ നടന്ന പി.എസ്.സി. നിയമനങ്ങൾ പരിശോധിക്കാനായി 14.12.2010-ലെ ജി.ഒ.(പി) നമ്പർ.40/2010/ഉഭപവ

പ്രകാരം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനുകീഴിൽ സ്പെഷ്യൽ സെൽ രൂപീകരിക്കാൻ തീരുമാനിച്ചു. തുടർന്ന് 01.03.2011-ലെ സ.ഉ.(കൈ) നം. 73/11/പൊഭവ ഉത്തരവ് പ്രകാരമാണ് ഉദ്യോഗസ്ഥ ഭരണ പരിഷ്കരണ വകുപ്പിൽ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ രൂപീകരിച്ചത്. ഉന്നത ഉദ്യോഗസ്ഥരടങ്ങുന്ന ആറ് ടീം വിവിധ സർക്കാർ വകുപ്പുകളിൽ മേൽ കാലയളവിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ സർവ്വീസ് ബുക്ക് പരിശോധിക്കുകയും പി.എസ്.സി. ഓഫീസുകളിൽനിന്നും ലഭ്യമായ രേഖകളുമായി ഒത്തുനോക്കി ടി നിയമനങ്ങളുടെ നിജസ്ഥിതി ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു. നിയമനം സംബന്ധിച്ച വിശദാംശങ്ങൾക്കു പുറമേ അറ്റൻഡൻസ് രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്റ്റർ, ക്യാഷ് ബുക്ക് തുടങ്ങിയ രജിസ്റ്ററുകൾ പരിശോധിക്കുന്നതിനും പ്രസ്തുത സെല്ലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സർക്കാർ ഓഫീസുകളിൽ ആകസ്മിക പരിശോധന (sudden inspection) നടത്തുന്നതിനും ഈ വകുപ്പിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഓരോ വകുപ്പുകളിലും ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നുണ്ടോ എന്ന് പരിശോധിച്ചുവരികയും ചെയ്യുന്നു. ഈ പ്രവർത്തനങ്ങൾ അഡ്മിനിസ്ട്രേറ്റീവ്

വിജിലൻസ് സെൽ തൃപ്തികരമായി നടത്തിവരുന്നു. എല്ലാ മാസവും ആദ്യവാരം അഡീഷണൽ സെക്രട്ടറിയുടെ നേതൃത്വത്തിലും മൂന്നു മാസം കൂടുമ്പോൾ പ്രിൻസിപ്പൽ സെക്രട്ടറിയുടെ മേൽനോട്ടത്തിലും സെല്ലിന്റെ അവലോകന യോഗം കൂടി പ്രവർത്തനം വിലയിരുത്തുന്നുണ്ട്.

(സി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ ഭാഗമായാണ് അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ പ്രവർത്തിക്കുന്നത്. സെല്ലിന്റെ പ്രവർത്തനത്തിനായി പ്രത്യേകം ഫണ്ട് വകയിരുത്തിയിട്ടില്ല.

(ഡി) ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

ശ്രീ. സി. എഫ്. തോമസ്: സർ, ഒരു പ്രത്യേക കാലഘട്ടത്തിലെ വ്യാജ നിയമനങ്ങളെക്കുറിച്ച് പരിശോധിക്കാനായി രൂപീകരിച്ചതാണ് അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ. ഓരോ വകുപ്പുകളിലും ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നുണ്ടോ എന്ന് അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ പരിശോധിക്കുന്നുമുണ്ട്. ആയിരക്കണക്കിന് ചെറുപ്പക്കാരാണ് ജോലിക്കായി കാത്തിരിക്കുന്നത്.

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വകുപ്പുകൾ വീഴ്ച വരുത്തുന്നുണ്ടോയെന്ന് അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ കൃത്യമായി പരിശോധിക്കുന്നുണ്ടോ; ഗവൺമെന്റ് ഇത് വിലയിരുത്തിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ട കാര്യം സർക്കാർ ഗൗരവമായിത്തന്നെയാണ് കാണുന്നത്. ഇതിനായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൃത്യമായി റിപ്പോർട്ട് ചെയ്യുന്നുണ്ടോയെന്നത് പരിശോധിക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം കഴിഞ്ഞ ഘട്ടത്തിലും മന്ത്രിസഭ ഇതുസംബന്ധിച്ച് ചർച്ച ചെയ്യുകയുണ്ടായി. ഓരോ മാസവും ഇതുസംബന്ധിച്ചുള്ള പുരോഗതിയും എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തുവെന്നതും മന്ത്രിസഭയുടെ മുമ്പാകെ ചീഫ് സെക്രട്ടറി റിപ്പോർട്ട് ചെയ്യണമെന്നും തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. സി. എഫ്. തോമസ്: സർ, ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത വകുപ്പുകൾ ഇപ്പോഴുമുണ്ട്. അതുകൊണ്ട് ജോലി കിട്ടാതെ വലയുന്ന ചെറുപ്പക്കാരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കെതിരെ ഗവൺമെന്റ്

എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ; ഗവൺമെന്റ് ഇക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഒഴിവുകളുണ്ടായിട്ടും റിപ്പോർട്ട് ചെയ്യാതിരിക്കുകയാണെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കും.

ശ്രീ. മോൻസ് ജോസഫ്: സർ, സർക്കാർ സർവ്വീസിലെ വ്യാജ നിയമനങ്ങളും നിയമനത്തട്ടിപ്പുകളും വെളിച്ചത്തുവന്നപ്പോഴാണ് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനുകീഴിൽ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ രൂപീകരിച്ച് ഇങ്ങനെ പരിശോധിക്കാൻ ഗവൺമെന്റ് തീരുമാനിച്ചതെന്ന് അങ്ങ് സൂചിപ്പിച്ചിരുന്നു. ഇങ്ങനെ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള ഏതെങ്കിലും കേസുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഇപ്പോൾ നടത്തിവരുന്ന പരിശോധന എന്ന് പൂർത്തിയാക്കാൻ കഴിയും; ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസ് എടുത്തിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇപ്പോൾ അതുസംബന്ധിച്ചുള്ള പൂർണ്ണമായ വിവരങ്ങൾ എന്റെ കൈയിലില്ല. അത് പരിശോധിച്ചാൽ മാത്രമേ പറയാൻ സാധിക്കുകയുള്ളൂ.